## കേരളത്തിലെ അപ്പർപ്രൈമറി വിഭാഗത്തിലെ
## വിദ്യാർഥികളുടെ സംസ്കൃതഭാഷാശേഷി
## മെച്ചപ്പെടുത്തുന്നതിനുള്ള പ്രായോഗികപഠനം

# സംസ്കൃതമാധുരി

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012
Phone: 0471 - 2341883, 2340323, e-mail: scertkerala@gmail.com

**2019**

# മുഖവുര

ഭാഷ അനായാസമായും അനുസ്യൂതമായും കൈകാര്യം ചെയ്യുന്നതിന് എല്ലാ കുട്ടികൾക്കും സാധിക്കേണ്ടതായിട്ടുണ്ട്. ബഹുഭാഷാപഠനം കുട്ടിയുടെ ബഹുമുഖ ബുദ്ധിയെ വികസിപ്പിക്കുകയും വിജ്ഞാനമേഖലകളെ സൂക്ഷ്മമായി സ്പർശിക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ, പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഭാഷാപഠനം സുഗമമാക്കുന്നതിനും ആകർഷകമാക്കുന്നതിനും സംസ്ഥാനവിദ്യാഭ്യാസഗവേഷണപരിശീലനസമിതി നടപ്പിലാക്കുന്ന ഭാഷാപഠന പരിപോഷണപദ്ധതിയുടെ പ്രസക്തി ഏറെയാണ്. കുട്ടിയുടെ ജീവിതപരിസരങ്ങളോട് ഏറെ അടുപ്പം പുലർത്തുന്നതിൽ രൂപകല്പനചെയ്തിട്ടുള്ള 'സംസ്കൃതമാധുരി', എന്ന ഈ ഭാഷാപഠനപരിപോഷണ പദ്ധതി ഭാഷാതാത്പര്യവും ഭാഷാശേഷികളും വർധിപ്പിയ്ക്കുമെന്നതിൽ തർക്കമില്ല. കേരളത്തിൽ മാതൃഭാഷ എന്ന നിലയിൽ മലയാളവും ഐച്ഛിക ഭാഷയായി സംസ്കൃതം, അറബിക്, ഉർദു തുടങ്ങിയ ഭാഷകളും ഒന്നാം ഭാഷയായി പഠിപ്പിച്ചുവരുന്നു. ഇതിൽ നൂറ്റാണ്ടുകളുടെ പഴക്കമുള്ള സാംസ്കാരികഭാഷ, വിജ്ഞാനത്തിന്റെ ഉറവിടമായ ഭാഷ, ഇന്ത്യൻ ഭരണഘടന അംഗീകരിച്ച ശ്രേഷ്ഠഭാഷ എന്നീനിലകളിൽ സംസ്കൃതഭാഷയ്ക്കുള്ള സ്ഥാനം അദ്വിതീയമാണ്. പദസമ്പത്ത്, ഉച്ചാരണഭംഗി എന്നീ ഘടകങ്ങളാൽ മലയാളഭാഷയിൽ മികവ് നേടുന്നതിനും ഏറെ പ്രയോജനപ്രദമാണ് ഈ ഭാഷ. കേരളത്തിലെ വിവിധ ജില്ലകളിലെ പത്ത് വിദ്യാലയങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയ പ്രസ്തുത പദ്ധതിക്ക് ലഭിച്ച സ്വീകാര്യത ഈ പദ്ധതി കേരളത്തിലെ മുഴുവൻ സംസ്കൃതവിദ്യാർഥികൾക്കും ലഭ്യമാക്കേണ്ടതിന്റെ ആവശ്യകതയെ ബോധ്യപ്പെടുത്തുന്നു. വ്യത്യസ്ത പഠനനിലവാരം പുലർത്തുന്ന വിദ്യാർത്ഥികൾക്ക് സംസ്കൃതഭാഷയുടെ മാധുര്യം അനുഭവിച്ചറിയുന്നതിനും വ്യവഹാരം നടത്തുന്നതിനും ഭാഷ ഫലപ്രദമായി ഉപയോഗിക്കുന്നതിനും അതിലൂടെ സംസ്കൃതഭാഷയെ ക്രമേണ ജനകീയമാക്കുന്നതിനും ഉതകുന്ന ഈ പദ്ധതിയ്ക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.

**ഡോ. ജെ. പ്രസാദ്**
ഡയറക്ടർ
എസ്. സി. ഇ. ആർ. ടി, കേരളം

## ഗവേഷകസമിതി അംഗങ്ങൾ

**അംഗങ്ങൾ** : **ശ്രീകുമാർ എസ്**
എച്ച്.എസ്.എ, പി.പി.എം.എച്ച്.എസ്. കാരക്കോണം, തിരുവനന്തപുരം

: **വിപിൻ തോമസ്**
യു.പി.എസ്.എ, എം.റ്റി. എച്ച്. എസ്. ചണ്ണപ്പേട്ട, കൊല്ലം

: **ഡോ. വിപിൻ ജി. നായർ**
യു.പി.എസ്.എ, കെ.ജി.വി.ജി. യു.പി.എസ്. കുണ്ടറ, കൊല്ലം

: **ഉദയകുമാർ എസ്**
എച്ച്.എസ്.എ, റ്റി.റ്റി.റ്റി.എം.വി.എച്ച്.എസ്.എസ്. വടശ്ശേരിക്കര, പത്തനംതിട്ട

: **രശ്മി ജി പിള്ള**
എച്ച്.എസ്.എ, കെ.കെ.കെ.പി.എം.ജി.എച്ച്.എസ്.എസ്. അമ്പലപ്പുഴ, ആലപ്പുഴ

: **മനോജ് പി.ജി**
യു.പി.എസ്.എ. എസ്.ജി.യു.പി.എസ്. വെണ്മണി, ഇടുക്കി

: **മായാദേവി കെ.കെ.**
യു.പി.എസ്.എ, എസ്.യു.പി.എസ്. തോട്ടറ, എറണാകുളം

: **സുരേഷ് ബാബു സി.സി**
എച്ച്.എസ്.എ, ജി.എം.എച്ച്.എസ്.എസ്. നടവരമ്പ്, തൃശ്ശൂർ

: **ശബരീഷ് എം**
എച്ച്.എസ്.എ, എച്ച്.എസ്. എസ്. മുണ്ടൂർ, പാലക്കാട്

: **വാസുദേവൻ നമ്പൂതിരി പി.കെ**
യു.പി.എസ്.എ., ഇടക്കേപ്പുറം യു.പി.എസ്. കണ്ണൂർ

**മാർഗനിർദേശകർ** : **പ്രൊഫ. വി. മാധവൻപിള്ള**
സംസ്ഥാനസ്കൂൾ കരിക്കുലം സ്റ്റിയറിങ് കമ്മിറ്റി അംഗം

: **ഡോ. ടി. ഡി. സുനീതിദേവി**
സ്പെഷൽ ഓഫീസർ, സംസ്കൃതം (ഡി.ജി.ഇ. കേരളം)

: **എൻ. കെ രാമചന്ദ്രൻ**
റിട്ട. ഡി.ഇ.ഒ. വയനാട്

**ഡിടിപി & ലേ ഔട്ട്** : **ഡോ. സുധ**
ജി.എച്ച്.എസ്. മടത്തറകാണി, തിരുവനന്തപുരം

**അവതരണഗീതം – രചന** : **ഹരിപ്രസാദ് കടമ്പൂർ**
ജി.എച്ച്.എസ്.എസ്. തിരുവങ്ങാട്, കണ്ണൂർ

**ആലപനം** : **സി. എ. ശ്രീകുമാർ**
രാമവിലാസം എച്ച്.എസ്.എസ്. ചൊക്ലി. കണ്ണൂർ.

**അക്കാദമിക് കോഡിനേറ്റർ** : **വി. ശ്രീകണ്ഠൻ**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി, കേരളം

# ഉള്ളടക്കം


| *അധ്യായം* | *വിഷയം* | *പേജ്* |
|---|---|---|
| 1 | ആമുഖം | 9 – 18 |
| 2 | സംസ്കൃതപഠനത്തിന്റെ പശ്ചാത്തലം, നാൾവഴികൾ | 19 – 26 |
| 3 | അനുബന്ധപഠനങ്ങളുടെ അവലോകനം | 27 – 36 |
| 4 | രീതിശാസ്ത്രം | 37 – 42 |
| 5 | വിശകലനവും വ്യാഖ്യാനവും | 43– 70 |
| 6 | ഉപസംഹാരം | 71– 74 |

I. ഗ്രന്ഥസൂചി i – ii

II. അനുബന്ധങ്ങൾ

a) വിദ്യാർത്ഥികൾക്കുള്ള വിലയിരുത്തൽ രേഖ. iii

b) അധ്യാപകരുടെ അഭിപ്രായ സർവെ. iv

c) പഠനവിധേയമാക്കിയ വിദ്യാലയങ്ങളും വിവരദാതാക്കളും. v

# അധ്യായം 1

# ആമുഖം

- വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം
- ഭാഷാപഠനത്തിന്റെ പ്രാധാന്യം
- സംസ്കൃതഭാഷാപഠനത്തിന്റെ പ്രാധാന്യം
- പരിചിന്തനത്തിന്റെ പ്രാധാന്യവും ആവശ്യകതയും
- സമസ്യാപ്രസ്താവന
- പൊതു ഉദ്ദേശ്യം
- ഉദ്ദേശ്യങ്ങൾ
- പഠനവുമായി ബന്ധപ്പെട്ട പരികല്പനം
- പഠനത്തിനുവേണ്ടി അവലംബിച്ച രീതിശാസ്ത്രം
- പഠനരീതി
- പഠനമാതൃക
- പഠനത്തിന്റെ വിശകലനവും വിശദീകരണവും
- മുഖ്യകണ്ടെത്തലുകളും നിർദ്ദേശങ്ങളും

# അധ്യായം 1

## ആമുഖം

### 1.1 വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം

ഒരു വ്യക്തിയുടെ സമഗ്രവികസനവും സമൂഹത്തിന്റെ പൊതുവായ വികാസവും വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യങ്ങളാണ്. ശാരീരികവും മാനസികവും ബൗദ്ധികവുമായ പൂർണവളർച്ചയിലൂടെ മാത്രമേ ഒരു ജനത പുരോഗമിക്കുകയുള്ളൂ. ആഴത്തിലുള്ള അറിവ് നേടുന്നതിലൂടെ മാനസിക സംസ്കാരവും മാനവികനന്മയും സാധ്യമാകുന്നു. വിശാലമായ മാനവിക കാഴ്ചപ്പാടിനെ ജീവിതരീതിയായി വളർത്തുന്ന സമൂഹമാണ് എക്കാലത്തിന്റെയും ആവശ്യകത. പ്രസ്തുതകാഴ്ചപ്പാട് വിദ്യാഭ്യാസദർശനങ്ങളുടെ അനിവാര്യതയെ ഊട്ടിയുറപ്പിക്കുന്നു. വിദ്യാഭ്യാസത്തിൽ ഭാഷയ്ക്കുള്ള പ്രാധാന്യം അനുപേക്ഷ ണീയമാണ്. ഓരോ അറിവും സ്വാംശീകരിക്കുന്നത് ഭാഷയിലൂടെയാണ്.

### 1.2 ഭാഷാപഠനത്തിന്റെ പ്രാധാന്യം

ആശയവിനിമയത്തിനുള്ള ഒരു ഉപാധിയാണ് ഭാഷ. *'ഭാഷ്യന്തേ ആശയാഃ വിനിമീയന്തേ യയാ സാ ഭാഷാ'* എന്ന സംസ്കൃതനിരുക്തി ഈ വസ്തുതയെ ദൃഢീകരിക്കുന്നു. കുട്ടിയുടെ വൈജ്ഞാനികമേഖലയെ വികസിപ്പിക്കുന്നതിനും മാനവികകാഴ്ചപ്പാടുകളെ പ്രബലപ്പെടുത്തുന്നതിനും ഭാഷ വഹിക്കുന്ന പങ്ക് അദ്വിതീയമാണ്. ഭാഷസ്വായത്തമാക്കാനും ആശയവിനിമയം നടത്താനുമുള്ള കഴിവ് മറ്റ് ജീവജാലങ്ങളേക്കാൾ മനുഷ്യന് കൂടുതലുണ്ട്. ആശയവിനിമയത്തിലൂടെ, ആരോഗ്യപരമായ സംവാദങ്ങളിലൂടെ, സാഹിത്യാസ്വാദനങ്ങളിലൂടെ ദൃഢതയുള്ള ഒരു തലമുറ ഉയർത്തെഴുന്നേൽക്കുന്നു. ഭാഷാസിദ്ധി നേടുന്നത് പ്രധാനമായും

ആശയസ്വീകരണത്തിലൂടെയും ആശയപ്രകടനത്തിലൂടെയുമാണ്. കഥകൾ, പാട്ടുകൾ, വിവരണങ്ങൾ, ആത്മകഥകൾ, ഉപന്യാസങ്ങൾ, എന്നിവയിലൂടെ ചുറ്റുപാടുകളെ അറിയുകയും മനസിലാക്കുകയും പരസ്പരം യുക്തിസഹമായ ചർച്ചകൾ നടത്തുകയും ചെയ്യുന്നതിലൂടെ ഭാഷാശേഷികൾ അനുക്രമം വർധിക്കുന്നു.

ആശയവിനിമയോപാധി എന്നതിനപ്പുറം ഭാഷ ഒരു ജനതയുടെ സ്വത്വബോധത്തിന്റെയും സംസ്കാരത്തിന്റെയും പ്രതിഫലനം കൂടിയാണ്. സാമൂഹികജീവിതത്തിന്റെ വ്യത്യസ്തസാഹചര്യങ്ങളിൽ ഇടപെടാനും ലോകത്തിന്റെ ഗതിവിഗതികൾ അറിയുവാനും നിയന്ത്രിക്കുവാനും മനുഷ്യനെ പ്രാപ്തനാക്കുന്നതുകൂടിയാണ് ഭാഷ. സംസ്കാരത്തിന്റെ വികാസത്തിനും നവീകരണത്തിനും ഭാഷ ശക്തമായ ഉപാധിയാണ്. ഭാഷയുടെ സാധ്യതകൾ ഉപയോഗപെടുത്തി ജനാധിപത്യത്തെ ശക്തിപ്പെടുത്തേണ്ടതുണ്ട്. വ്യക്തികൾ പരസ്പരവും വ്യക്തികളും സമൂഹവും തമ്മിലുമുള്ള സംഘർഷത്തിന്റെ പ്രധാനകാരണം ശരിയായ ആശയവിനിമയത്തിന്റെ അഭാവമാണ്. വ്യക്തിയുടേയും സമൂഹത്തിന്റേയും സ്വാതന്ത്ര്യവും സർഗാത്മകവുമായ ആവിഷ്കാരത്തിനും ഭാഷ അവസരം ഒരുക്കണം. സ്വതന്ത്രമായ ജീവിതവീക്ഷണം രൂപീകരിക്കാൻ ഇതാവശ്യമാണ്. ഭാഷ സ്വയം ഒരു ജ്ഞാനമേഖലയും ഇതരജ്ഞാനമേഖലകളുടെയും സംസ്കാരത്തിന്റെയും വിനിമയമാധ്യമവുമാണ്. ജീവിതത്തിന്റെ പ്രാഥമികാവശ്യനിർവഹണം മുതൽ സൗന്ദര്യാസ്വാദനം, ആവിഷ്കാരം, ശാസ്ത്രബോധം തുടങ്ങിയ തലങ്ങൾ വരെ ഭാഷയുടെ പരിഗണനകളാണ്.

ആധുനികമനഃശാസ്ത്രവും ഭാഷാശാസ്ത്രവും ബഹുഭാഷാപഠനത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നുണ്ട്. യുക്തിചിന്ത, ബൗദ്ധികവികാസം, സാമൂഹികപ്രതിബദ്ധത, ജീവിതമൂല്യങ്ങൾ എന്നിവ വളർത്തുന്നതിൽ ഭാഷാപഠനത്തിന്റെ പങ്ക് നിർണായകമാണ്. ത്രിഭാഷാനയം ഫലപ്രദമായി നടപ്പാക്കുന്നതിനൊപ്പം സംസ്കൃതം, അറബിക്, ഉറുദു മുതലായ ഭാഷകൾക്ക് നൽകുന്ന പ്രാധാന്യം വിലപ്പെട്ടതാണ്. സംസ്കൃതഭാഷയെ ഭാരത സംസ്കാരത്തിന്റെ ഭാഗമായി നോക്കിക്കാണുകയും സംസ്കൃതഭാഷാ പഠനത്തിന് പ്രോത്സാഹനം നൽകുകയും ചെയ്യുന്നു.

### 1.3 സംസ്കൃതഭാഷാപഠനത്തിന്റെ പ്രാധാന്യം

സംസ്കൃതഭാഷയ്ക്കും അതിലുളവായ സംസ്കൃതിക്കും നൂറ്റാണ്ടുകളുടെ പാരമ്പര്യമുണ്ട്. ക്ലാസിക്കൽപദവിയുള്ള സംസ്കൃതത്തിന് ഇന്ത്യൻ ഭരണഘടന അംഗീകരിച്ച ഭാഷകളിൽ ഒരു സാംസ്കാരികവൈജ്ഞാനികഭാഷയെന്ന സ്ഥാനമാണ് നൽകിയിരിക്കുന്നത്. ഭാരതത്തിന്റെ സംസ്കാരവുമായി ഗാഢ ബന്ധം പുലർത്തുന്ന സംസ്കൃതഭാഷയുടെ ചരിത്രം ഭാരതത്തിന്റെ ചരിത്രം കൂടിയാണ്. ആധുനികശാസ്ത്രസാങ്കേതികവിദ്യകളിലേക്ക് വെളിച്ചം വീശുന്ന ചിന്താധാരകൾ സംസ്കൃതസാഹിത്യത്തിലുണ്ട്.

കേവലഭാഷ എന്നതിലുപരി വിദ്യാഭ്യാസം, ആരോഗ്യശാസ്ത്രം, മനഃശാസ്ത്രം ഇവ ഉൾപ്പെടുന്ന ആയുർവേദം, കല, സംഗീതം, സാഹിത്യം, ജ്യോതിഃശാസ്ത്രം, വാസ്തുശാസ്ത്രം, ഗണിതം, നാട്യം, യോഗശാസ്ത്രം, ഭൂഗോള വിജ്ഞാനം തുടങ്ങിയ വിഷയങ്ങളിൽ പഠനാർഹവും ഗവേഷണാർഹവുമായ സംഭാവനകളാണ് സംസ്കൃതഭാഷ നൽകിയിട്ടുള്ളത്. കമ്പ്യൂട്ടിങിന് ഏറ്റവും അനുയോജ്യമായ ഭാഷ സംസ്കൃതമാണെന്ന കണ്ടെത്തലുകളും ശ്രദ്ധേയമാണ്. മൂല്യബോധവും സഹകരണബോധവുമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിന്

സംസ്കൃതഭാഷാപഠനം അത്യന്തം സഹായകരമാണ്. പദാവലികൊണ്ടും സാഹിത്യസമ്പത്തുകൊണ്ടും ഉച്ചാരണം കൊണ്ടും മാതൃഭാഷയായ മലയാളത്തിന് സംസ്കൃതത്തോടുള്ള ബന്ധം അഭേദ്യമാണ്. ഭാരതത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഭാഷയല്ല സംസ്കൃതം. ജർമ്മനി, ഇറ്റലി, അമേരിക്ക തുടങ്ങി അനേകം വിദേശരാജ്യങ്ങളിലെ സർവകലാശാലകളിൽ സംസ്കൃതം പഠിപ്പിക്കുകയും ഗവേഷണപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. ഗുണമേന്മയുള്ള വിദ്യാഭ്യാസം വിഭാവനം ചെയ്യുമ്പോൾ മൂല്യബോധമുള്ള തലമുറയെ സൃഷ്ടിക്കുന്നതിനുൾപ്പെടെ സംസ്കൃത ഭാഷാപഠനവും അത്യന്താപേക്ഷിതമാണ്.

### 1.4 പരിചിന്തനത്തിന്റെ പ്രാധാന്യവും ആവശ്യകതയും

കേരളത്തിൽ നിലവിൽ അഞ്ചാംതരം മുതൽ ഒന്നാം ഭാഷ പാർട്ട് ഒന്നിൽ സംസ്കൃതം പഠിക്കാൻ അവസരമുണ്ട്. ഔദ്യോഗികമായി അധ്യാപകരെ നിയമിച്ചിട്ടില്ലെങ്കിലും താത്പര്യമുള്ള കുട്ടികൾക്ക് ഒന്നാംതരം മുതൽ സംസ്കൃതം പഠിക്കാനുള്ള അവസരവും നൽകുന്നുണ്ട്. (സർക്കാർ ഉത്തരവ് (എം.എസ്.) നം. 307/2012 പൊ.വി.വ. തിരുവനന്തപുരം, തീയതി 29.09.2012) ഓറിയന്റൽ സംസ്കൃതസ്കൂളുകളിൽ ഒന്നാം ഭാഷ പാർട്ട് ഒന്നും രണ്ടും സംസ്കൃതമാണ് കുട്ടികൾ പഠിക്കുന്നത്. ഹയർസെക്കണ്ടറി തലത്തിൽ രണ്ടാം ഭാഷയായും പാർട്ട് മൂന്നിലെ ഐച്ഛികവിഷയമായും സംസ്കൃതം പഠിക്കാൻ അവസരമുണ്ട്.

- ശ്രവണം, ഭാഷണം, പഠനം, ലേഖനം (LSRW) എന്നീ നാലുഘട്ടത്തിലൂടെ കടന്നുപോയി ഭാഷാശേഷി ആർജിക്കുന്നതിന് നിലവിൽ കുട്ടികൾ ഏറെ പ്രയാസം അനുഭവിക്കുന്നു.
- സങ്കോചമില്ലാതെ തന്റെ ആശയങ്ങൾ, സംശയങ്ങൾ, ചോദ്യങ്ങൾ, അഭിപ്രായങ്ങൾ എന്നിവ പങ്കുവയ്ക്കാൻ കുട്ടി നന്നെ ഭയപ്പെടുന്നു.

- ❖ എല്ലാവരും കേൾക്കെ പറയുവാനും മറ്റുള്ളവരോട് മികച്ചരീതിയിൽ സംസാരിക്കുവാനും പ്രയാസം അനുഭവിക്കുന്നതായും മനസിലാക്കാൻ സാധിക്കുന്നു.
- ❖ മറ്റുഭാഷകളെ അപേക്ഷിച്ച് സംസ്കൃതഭാഷാശ്രവണത്തിനും ഭാഷണത്തിനുമുള്ള അവസരം അധ്യാപകരിലും ക്ലാസ് മുറികളിലും ഒതുങ്ങുന്ന അവസ്ഥ.
- ❖ സംസ്കൃതത്തിലുള്ള ആനുകാലികങ്ങളുടേയും വാർത്താമാധ്യമങ്ങളുടേയും കുറവ്.
- ❖ പഠനപാഠനപ്രക്രിയയിൽ നൂതനസാങ്കേതികവിദ്യ പ്രയോഗിക്കാതിരിക്കൽ.
- ❖ സംസ്കൃതഭാഷാനിയമങ്ങൾ ക്രീഡാപദ്ധതികളിലൂടെ കുട്ടികളിൽ എത്തിക്കാത്തതുകൊണ്ട് ഭാഷാപഠനത്തിൽ പഠിതാക്കളിലുണ്ടാകുന്ന വിമുഖതയും വിരസതയും.

ഭാഷാപഠനത്തിലെ ഇത്തരം പരിമിതികൾ മറികടക്കുന്നതിനും ഭാഷയെ അനായാസവും അനുസ്യൂതവും സുഗമവുമായി കൈകാര്യം ചെയ്യുന്നതിനും വിദ്യാർത്ഥികളെ സജ്ജരാക്കേണ്ടതുണ്ട്. അധ്യാപകൻ അറിവിന്റെ മാർഗദർശിയായി മാറുന്നതിലൂടെയും സ്വയം സജ്ജമാകുന്നതിലൂടെയും പഠിതാക്കൾ അനുഭവിക്കുന്ന പരിമിതികളെ പൂർണമായും ഒഴിവാക്കാൻ സാധിക്കുന്നതാണ്.

ഓരോ കുട്ടിയുടേയും ഭാഷാപരമായ കുറവുകളെ മനസിലാക്കി അത്തരം കുറവുകൾ തരണം ചെയ്യുന്നതിന് രസകരമായ പഠനാനുഭവങ്ങൾ കുട്ടിക്ക് ലഭിക്കേണ്ടതുണ്ട്. അതിന് ലളിതസംസ്കൃതവാതാവരണം ക്ലാസ് മുറികളിൽ സജ്ജമാക്കേണ്ടതുണ്ട്. ലഘുകഥകൾ, കവിതകൾ, അഭിനയഗീതങ്ങൾ, വിവരണങ്ങൾ, ആത്മകഥകൾ, പ്രഹേളികകൾ, സുഭാഷിതങ്ങൾ തുടങ്ങിയ വ്യവഹാരങ്ങൾ ഹൃദ്യവും മധുരവുമായി നൽകുന്നതിലൂടെ ഭാഷാതാത്പര്യം വർദ്ധിക്കുകയും

ശ്രവണ–ഭാഷണ–വാചന–ലേഖനങ്ങളിലൂടെ ക്രമാനുഗതമായി കടന്നുപോയി ഭാഷാശേഷി കൈവരിക്കുന്നതിന് കുട്ടിക്ക് സാധിക്കുകയും ചെയ്യുന്നു.

ഇത്തരം സാധ്യതകളെ മുന്നിൽ കണ്ടുകൊണ്ട് എസ്. സി. ഇ. ആർ. ടി 'സംസ്കൃതമാധുരി' എന്ന ഭാഷാപഠനപരിപോഷണപദ്ധതി കേരളത്തിലെ വിവിധ ജില്ലകളിൽ പത്ത് വിദ്യാലയങ്ങളിലായി പരീക്ഷണാടിസ്ഥാനത്തിൽ മൊഡ്യൂൾ പ്രകാരം (25 മണിക്കൂർ) പ്രക്രിയാബന്ധിതമായ ക്ലാസുകൾ നടത്തുകയുണ്ടായി. ഈ ഭാഷാപഠനപരിപോഷണപദ്ധതി കേരളത്തിലെ യു.പി. തലത്തിൽ സംസ്കൃതം പഠിക്കുന്ന എല്ലാവിദ്യാർത്ഥികൾക്കും ലഭ്യമാക്കി ഭാഷാപഠനം സരളവും ലളിതവും മധുരവുമാക്കേണ്ടതുണ്ട്. സംസ്കൃതഭാഷയുടെ ഗരിമയും മഹിമയും സാംസ്കാരിക പൈതൃകവും  കുട്ടിക്ക് ലഭിക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. സംസ്കൃതഭാഷയുടെ മാധുര്യം ആസ്വദിക്കുന്നതിനും ഫലപ്രദമായ വിജ്ഞാന സമ്പത്ത് നേടിയെടുക്കുന്നതിനും ആസ്വാദ്യകരമായ ജീവിതാനുഭവങ്ങൾ, പഠനാനുഭവങ്ങൾ എന്നിവ ലഭിക്കുന്നതിനും എസ്.സി.ഇ.ആർ.ടി. വിഭാവനം ചെയ്യുന്ന സംസ്കൃതമാധുരിയിലൂടെ സാധിക്കുമെന്നതിന് മറുപക്ഷമില്ല. ആയതിനാൽ തന്നെ ഈ പദ്ധതി കേരളമൊട്ടാകെ ഫലപ്രദമായി നടപ്പിലാക്കുന്നതിന് സംസ്കൃതാധ്യാപകരുടെ പ്രസക്തി ചെറുതല്ല.

### 1.5 സമസ്യാപ്രസ്താവന

കുട്ടികളുടെ ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിച്ച് മികച്ച ആശയവിനിമയശേഷി നേടുന്നതിന്.

### 1.6 പൊതു ഉദ്ദേശ്യം

കേരളത്തിലെ അപ്പർപ്രൈമറി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ സംസ്കൃതഭാഷാശേഷി മെച്ചപ്പെടുത്തുന്നതിന്.

## 1.7 ഉദ്ദേശ്യങ്ങൾ

1. കുട്ടികളിൽ ഭാഷാപഠനശേഷിയും പഠനാഭിമുഖ്യവും വർദ്ധിപ്പിക്കുന്നതിന്.
2. സംസ്കൃതമാധ്യമത്തിലൂടെയുള്ള ആശയവിനിമയശേഷി സമ്പാദിക്കുന്നതിന്.
3. സംസ്കൃതരചനകൾ വായിച്ച് ആസ്വദിക്കുന്നതിന്.
4. സർഗ്ഗാത്മകരചനാശേഷി കൈവരിക്കുന്നതിന്.
5. ഭാഷാപൈതൃകവും സംസ്കൃതിയും പരിചയപ്പെടുന്നതിന്.
6. സംസ്കൃതഭാഷയെ ജനകീയവത്കരിക്കുന്നതിന്.

## 1.8 പഠനവുമായി ബന്ധപ്പെട്ട പരികല്പന

1. സംസ്കൃതമാധുരി എന്ന ഭാഷാപഠനപരിപോഷണപദ്ധതി നടപ്പിലാക്കുന്നതിലൂടെ കുട്ടികളിൽ ഭാഷാപഠനശേഷിയും പഠനാഭിമുഖ്യവും വർദ്ധിക്കും.
2. പ്രസ്തുതപദ്ധതിയിലൂടെ സംസ്കൃതമാധ്യമത്തിലൂടെയുള്ള ആശയവിനിമയശേഷി സമ്പാദിക്കും.
3. സംസ്കൃതരചനകൾ വായിച്ച് ആസ്വദിക്കുന്നതിന് സാധ്യതയുണ്ട്.
4. സർഗ്ഗാത്മകരചനകൾ നടത്തുന്നതിനുള്ള താത്പര്യം വർദ്ധിക്കും.
5. ഭാഷാപൈതൃകവും സംസ്കൃതിയും സ്വജീവിതത്തിൽ ബോധ്യപ്പെടും.
6. സംസ്കൃതഭാഷയെ ജനകീയവത്കരിക്കുന്നതിന് സാധിച്ചേക്കാം.

## 1.9 പഠനത്തിന് വേണ്ടി അവലംബിച്ച രീതിശാസ്ത്രം (Methodology adopted)

കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 10 വിദ്യാലയങ്ങളിൽ സംസ്ഥാന വിദ്യാഭ്യാസ ഗവേഷണപരിശീലന സമിതിയുടെ നേതൃത്വത്തിൽ പൂർവ്വ സജ്ജീകൃതമായ ചോദ്യാവലി നൽകികൊണ്ട് കുട്ടികളുടെ സംസ്കൃതഭാഷാ പഠനനിലവാരം പരിശോധിക്കുകയുണ്ടായി. കുട്ടികൾക്ക് സംസ്കൃതഭാഷാ പഠനത്തിൽ തന്റെ നിലവാരം സ്വയം വിലയിരുത്തുന്നതിന് അനുയോജ്യമായ ഒരു ചോദ്യാവലിയും സംസ്കൃതഭാഷാപഠനവുമായി ബന്ധപ്പെട്ട് അഭിപ്രായങ്ങൾ

സ്വരൂപിക്കുന്നതിന് പ്രാപ്തമായ മറ്റൊരു ചോദ്യാവലിയും ആണ് പഠനത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയത്. ലഭിച്ച പ്രതികരണങ്ങളെ സമഗ്രമായ വിലയിരുത്തലിന് വിധേയമാക്കിയപ്പോൾ കുട്ടികളുടെ ആശയവിനിമയശേഷി, സ്വതന്ത്രരചന തുടങ്ങിയ മേഖലകളിൽ അവർ നേരിടുന്ന ചില വെല്ലുവിളികൾ ബോധ്യപ്പെട്ടു. അധ്യാപകരുടെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് സംസ്കൃതഭാഷാപഠനം രസകരവും ആകർഷകവുമാക്കുന്ന ഒരു നൂതനരീതി ആവിഷ്കരിച്ച് നടപ്പാക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടു, തുടർന്ന് സംസ്ഥാന വിദ്യാഭ്യാസ ഗവേഷണപരിശീലന സമിതിയുടെ നേതൃത്വത്തിൽ വിവിധമേഖലകളിലെ ഭാഷാഗവേഷണവിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ശില്പശാലകൾ കേരളത്തിലെ വിവിധജില്ലകളിലുള്ള 10 അധ്യാപകർക്ക് നൽകുകയുണ്ടായി. നിലവിൽ ഭാഷാപഠനത്തിൽ കുട്ടികൾ നേരിടുന്ന വെല്ലുവിളികളെ പരിഹരിക്കുന്നതിനാവശ്യമായ ആകർഷകമായ 'സംസ്കൃതമാധുരി' എന്ന പദ്ധതിയുടെ പരിശീലനരൂപരേഖ (മൊഡ്യൂൾ) തയ്യാറാക്കി. തുടർന്ന് വിദ്യാർത്ഥികളുടെ പരിശീലനത്തിനായി 25 മണിക്കൂർ പ്രയോജനപ്പെടുത്തി.

### 1.10 പഠനരീതി (Method of Study)

ഈ പഠനവുമായി ബന്ധപ്പെട്ട് വിവരശേഖരണരീതിയാണ് (സർവ്വേ മെത്തേഡ്) അവലംബിച്ചിരിക്കുന്നത്. കുട്ടികൾക്കും അധ്യാപകർക്കും മുൻനിശ്ചയപ്രകാരമുള്ള ചോദ്യാവലികൾ (അനുബന്ധം 1ഉം 2ഉം കാണുക) നൽകി അവയെ അടിസ്ഥാനമാക്കി വിവരശേഖരണം നടത്തി അതിനെ വിശകലനം ചെയ്തു.

### 1.11 പഠനമാതൃക (Sample of the Study)

പഠനത്തിനായി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ എന്നീ 9 ജില്ലകളിലെ ഗവൺമെന്റ്, എയ്ഡഡ് മേഖലയിൽ നിന്നുള്ള 10 വിദ്യാലയങ്ങളെയാണ് തിരഞ്ഞെടുത്തത്.

ഈ വിദ്യാലയങ്ങളിലെ 325 വിദ്യാർത്ഥികളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു. (അനുബന്ധം 3 കാണുക)

### 1.12 പഠനത്തിന്റെ വിശകലനവും വിശദീകരണവും (Analysis and interpretation of the Study)

2. അധ്യാപകർക്കും കുട്ടികൾക്കും ചോദ്യാവലികൾ നൽകി.
3. കുട്ടികളുടെ ആശയവിനിമയശേഷി വിലയിരുത്തി.
4. ക്ലാസ്റൂം പ്രവർത്തനങ്ങളുടെ വിലയിരുത്തൽ.
5. രക്ഷിതാക്കളുടെ അഭിപ്രായശേഖരണം.

### 1.13 മുഖ്യകണ്ടെത്തലുകളും നിർദ്ദേശങ്ങളും (Major findings and Suggetions)

| മുഖ്യകണ്ടെത്തലുകൾ | നിർദ്ദേശങ്ങൾ |
|---|---|
| ഇതരഭാഷകളെ അപേക്ഷിച്ച് സംസ്കൃത ഭാഷാശ്രവണത്തിനും ഭാഷണത്തിനുമുള്ള അവസരം അധ്യാപകരിലും ക്ലാസ് മുറികളിലുമായി ഒതുങ്ങുന്നു. | വിദ്യാലയങ്ങളിൽ സംസ്കൃതഭാഷാ ശ്രവണത്തിനും ഭാഷണത്തിനും ഉള്ള അവസരം കൂടുതലായി ഉളവാക്കണം. |
| കുട്ടിയുടെ നിത്യജീവിതത്തിലെ അനുഭവത്തെ വാക്യങ്ങളാക്കി മാറ്റാനുള്ള സാമർത്ഥ്യക്കുറവ്. | അധ്യാപനത്തിൽ സ്വതന്ത്രവാക്യ രചനക്ക് കൂടുതലായി പ്രാമുഖ്യം നൽകണം. |
| പഠനപാഠനപ്രക്രിയയിൽ നൂതനസാങ്കേതികവിദ്യ പ്രയോഗിക്കുന്നില്ല. | നൂതനസാങ്കേതികവിദ്യ അധ്യാപനത്തിലൂടെ പരിചയപ്പെടുത്തുക. |

| | |
|---|---|
| കഠിനമായ വ്യാകരണനിഷ്കർഷ പഠിതാക്കളിൽ വിമുഖതയും വിരസതയും ഉണ്ടാക്കുന്നു. | ക്രീഡാപദ്ധതിയിലൂടെ വ്യാകരണാധ്യാപനം ലളിതവും ആകർഷകവുമാക്കുക. |

# അധ്യായം 2

# സംസ്കൃതപഠനത്തിന്റെ പശ്ചാത്തലം, നാൾവഴികൾ

- ആമുഖം
- സംസ്കൃതഭാഷ
- സംസ്കൃതഭാഷ കേരളത്തിൽ
- കൃഷ്ണവാര്യർ കമ്മീഷൻ
- ഒന്നാം ക്ലാസ് മുതൽ സംസ്കൃതപഠനം
- സംസ്കൃതസ്കോളർഷിപ്പുകൾ
- ഹയർസെക്കണ്ടറി വിഭാഗം
- ഉപരിപഠനസാധ്യത
- സംസ്കൃതമാധുരി

# അധ്യായം 2

## സംസ്കൃതപഠനത്തിന്റെ പശ്ചാത്തലം, നാൾ വഴികൾ

### 2.1 ആമുഖം

വിദ്യാഭ്യാസത്തിലൂടെ നേടുന്ന ശാരീരികവും മാനസികവും ബൗദ്ധികവുമായ വളർച്ചയിലൂടെ മാത്രമെ ഒരു ജനതയ്ക്ക് പുരോഗമിക്കുവാൻ കഴിയുകയുള്ളൂ. സമഗ്രചിന്തകളിലൂന്നിയ വിശാലമായ മാനവികകാഴ്ച്ചപ്പാടിനെ ജീവിതരീതിയായി വളർത്തുന്ന സമൂഹമാണ് ഇന്നിന്റെ ആവശ്യകത. പ്രസ്തുത കാഴ്ച്ചപ്പാട് വിദ്യാഭ്യാസദർശനങ്ങളെ പരിഷ്കരിക്കേണ്ടതിന്റെ അനിവാര്യതയെ ഉറപ്പിക്കുന്നു. കുട്ടിയുടെ വൈജ്ഞാനികവും വൈകാരികവും സാമൂഹികവുമായ കാഴ്ചപ്പാടുകൾ പ്രബലമാക്കുന്നതിന് ഭാഷവഹിക്കുന്ന പങ്ക് അദ്വിതീയമാണ്. ഭാഷസ്വായത്തമാക്കുവാനും ആശയവിനിമയം നടത്തുവാനുമുള്ള കഴിവ് മറ്റ് ജീവികളേക്കാൾ മനുഷ്യന് കൂടുതലുണ്ട്. ആശയവിനിമയ ഉപാധി എന്നതിനപ്പുറം ഒരു ജനതയുടെ സ്വത്വബോധത്തിന്റെയും സംസ്കാരത്തിന്റെയും പ്രതിഫലനം കൂടിയാണ് ഭാഷ. സമൂഹത്തിൽ ഫലപ്രദമായി ഇടപെടുന്നതിനും ലോകത്തിന്റെ ഗതിവിഗതികൾ അറിയുന്നതിനും ഭാഷ മനുഷ്യനെ പ്രാപ്തനാക്കുന്നു. സംസ്കാരത്തെ വികസ്വരമാക്കുന്നതിനും നവീകരിക്കുന്നതിനുമുള്ള ശക്തമായ ഉപാധിയാണ് ഭാഷ. ജീവിതത്തിന്റെ പ്രാഥമികാവശ്യനിർവ്വഹണം മുതൽ സൗന്ദര്യാസ്വാദനം, ആവിഷ്ക്കാരശേഷി, ശാസ്ത്രബോധം തുടങ്ങിയ തലങ്ങൾ വരെ ഭാഷയുടെ വ്യാപ്തിയിൽ പെടുന്നു.

**2.2 സംസ്കൃതഭാഷ**

ആധുനികമനഃശാസ്ത്രവും ഭാഷാശാസ്ത്രചിന്തയും ബഹുഭാഷാപഠനത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. ത്രിഭാഷാനയം ഫലപ്രദമായി നടപ്പാക്കുന്നതിനൊപ്പം സംസ്കൃതം, അറബിക്, ഉറുദു മുതലായ ഭാഷകൾക്കും പ്രാധാന്യം നൽകുന്നുണ്ട്. സംസ്കൃതഭാഷ ഭാരതസംസ്കാരവാഹിനിയായി പരിഗണിക്കപ്പെടുകയും സംസ്കൃതഭാഷാപഠനത്തിന് അർഹമായ പ്രോത്സാഹനം നൽകപ്പെടുകയും ചെയ്യുന്നു. കേരളത്തിൽ മാതൃഭാഷ എന്നനിലയിൽ മലയാളവും ഐച്ഛികഭാഷകളായ സംസ്കൃതം, അറബിക്, ഉറുദു തുടങ്ങിയ ഭാഷകളും പ്രാദേശികമായി തമിഴ്, കന്നഡ എന്നീഭാഷകളും ഒന്നാം ഭാഷയുടെ സ്ഥാനത്ത് പഠിച്ചുവരുന്നു. ഇതിൽ നൂറ്റാണ്ടുകളുടെ പഴക്കമുള്ള സാംസ്കാരികഭാഷ, വൈജ്ഞാനികഭാഷ, ഭരണഘടന അംഗീകരിച്ച ശ്രേഷ്ഠഭാഷ(2005) എന്നീ നിലകളിൽ സംസ്കൃതഭാഷക്കുള്ള സ്ഥാനം അദ്വിതീയമാണ്. അക്ഷരമാല, പദസമ്പത്ത്, ഉച്ചാരണഭംഗി എന്നീ ഘടകങ്ങളാൽ മലയാളഭാഷക്കും ഏറെ പ്രയോജനപ്രദമാണ് ഈ ഭാഷ.

**2.3 സംസ്കൃതഭാഷ കേരളത്തിൽ**

കേരളീയർ പ്രാചീനകാലം മുതൽ തന്നെ സംസ്കൃതഭാഷയോട് പ്രത്യേകം ആഭിമുഖ്യമുള്ളവരും സംസ്കൃതം പഠിക്കുന്നതിൽ അഭിമാനിക്കുന്നവരുമായിരുന്നു. ഗുരുകുലസമ്പ്രദായത്തിലുള്ള പഠനമായിരുന്നു അക്കാലത്ത് നിലനിന്നിരുന്നത്. ബാലപ്രബോധനം, സിദ്ധരൂപം, സമാസചക്രം, ശ്രീരാമോദന്തം, അമരകോശം, വിവിധ കാവ്യങ്ങൾ, അലങ്കാരശാസ്ത്രങ്ങൾ, ശാസ്ത്രങ്ങൾ, ദർശനങ്ങൾ മുതലായവ ക്രമത്തിൽ പാഠ്യവിഷയങ്ങളായി. പയ്യൂർ, കൂടല്ലൂർ, കൊടുങ്ങല്ലൂർ തുടങ്ങിയ ഗുരുകുലങ്ങൾ ഇത്തരത്തിൽ പ്രസിദ്ധങ്ങളായിരുന്നു. ഇത്തരം പരമ്പരാഗതമായ രീതിയിലൂടെ മീമാംസ, വേദാന്തം, ന്യായം, വൈശേഷികം, സാംഖ്യം, യോഗം, വ്യാകരണം, വൈദ്യം, വിഷവൈദ്യം, തന്ത്രം, മന്ത്രവാദം, ജ്യോതിഷം, ഗണിതം,

നാട്യം, സംഗീതം, ശില്പകല, രാജനീതി, ഹസ്ത്യായുർവേദം, മാന്ത്രികം, രത്നവിദ്യ തുടങ്ങിയവയിലും ശിഷ്യർ പ്രാവീണ്യം നേടി. സംസ്കൃതത്തിലുള്ള ഉന്നതവിദ്യാഭ്യാസം അക്കാലത്ത് രാജാക്കന്മാരും പ്രഭുക്കളുമായിരുന്നു നയിച്ചിരുന്നത്. കോലത്തുനാട്, കടത്തനാട്, കോഴിക്കോട്, വെട്ടം, തൃക്കണാമതിലകം, കൊടുങ്ങല്ലൂർ, തൃപ്പൂണിത്തുറ, ചങ്ങനാശ്ശേരി, പന്തളം തുടങ്ങിയ നാട്ടുരാജ്യങ്ങളിലെ രാജാക്കന്മാർ സംസ്കൃതവിദ്യാഭ്യാസം പ്രോത്സാഹിപ്പിച്ചു. ഈ കേന്ദ്രങ്ങൾ എല്ലാം തന്നെ സർവകലാശാലകൾക്കൊപ്പം നിലവാരമുള്ള വയായിരുന്നു.

കേരളപ്പിറവിക്ക് മുമ്പേതന്നെ മലബാറിലേയും തിരുക്കൊച്ചിയിലേയും തിരുവതാംകൂറിലേയും സംസ്കൃതപ്രേമികൾ അവരവരുടെ ദേശത്ത് സംസ്കൃത പാഠശാലകൾ സ്ഥാപിച്ച് അധ്യാപനം നടത്തിവന്നു. വിദ്യാഭ്യാസസ്ഥാപനങ്ങൾ വിരളമായിരുന്ന അക്കാലത്ത് ഇത്തരം പാഠശാലകളിൽ ധാരാളം വിദ്യാർത്ഥികൾ പഠിതാക്കളായി എത്തിയിരുന്നു. ഈ പാഠശാലകളാണ് പിൽക്കാലത്ത് സംസ്കൃതസ്കൂളുകളും കോളേജുകളുമായി മാറിയത്. സാധാരണ വിദ്യാലയങ്ങളിൽ അക്കാലത്ത് ആറ് രൂപ ട്യൂഷൻ ഫീസ് നൽകണമായിരുന്നു. എന്നാൽ സംസ്കൃതം സ്കൂളുകളിൽ ട്യൂഷൻ ഫീസ് നേർപകുതി മതിയായിരുന്നു. പൊതുവിദ്യാലയങ്ങൾ ആരംഭിച്ചിട്ടും സംസ്കൃതസ്കൂളുകൾ പഴയപടി നിലനില്ക്കാൻ ഇതും ഒരു കാരണമായി. കേരളത്തിൽ ഇത്തരത്തിലുള്ള അറുപത് സംസ്കൃത സ്കൂളുകൾ പ്രവർത്തിച്ചിരുന്നു. കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ അഞ്ചാംതരം മുതൽ ഒന്നാം ഭാഷയുടെ പാർട്ട് എ ആയി സംസ്കൃതം, അറബിക്, ഉർദു എന്നിവയിൽ ഏതെങ്കിലും ഒരു ഭാഷ ഐച്ഛികമായി പഠിക്കാൻ അവസരം നൽകിയതോടുകൂടി സംസ്കൃതവിദ്യാഭ്യാസത്തിന് ഒരു പുതിയമാനം കൈവന്നു. കേരളത്തിലെ ഇന്നത്തെ സംസ്കൃതവിദ്യാഭ്യാസത്തിന് നാന്ദി കുറിച്ച തീരുമാനമായിരുന്നു ഇത്. പൊതുവിദ്യാലയങ്ങൾ വ്യാപകമാവുകയും ട്യൂഷൻ ഫീസ് എടുത്തുകളയുകയും ചെയ്തതോടെ സംസ്കൃതസ്കൂളുകളുടെ സ്ഥിതി ശോചനീ

യമായി. കുട്ടികൾ ഭൂരിഭാഗവും പൊതുവിദ്യാലയങ്ങളിലേക്ക് ചേക്കേറി. 60 സ്കൂളുകൾ ഉണ്ടായിരുന്നത് ഇന്ന് 31 ആയി കുറഞ്ഞു. അവിടങ്ങളിലാകട്ടെ പലസ്ഥലത്തും വിദ്യാർത്ഥികൾ അംഗുലീപരിമിതങ്ങളുമായി. ചില ഓറിയന്റൽ സ്കൂളുകളുടെ ഓറിയന്റൽ പദവി തന്നെ ഈ കാലയളവിൽ നഷ്ടപ്പെട്ടു.

### 2.4 കൃഷ്ണവാര്യർ കമ്മീഷൻ

കേരളത്തിലെ സംസ്കൃതവിദ്യാഭ്യാസത്തിലുള്ള പ്രശ്നങ്ങൾ പഠിച്ച് പരിഹാരനിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 1973ൽ സർക്കാർ ഒരു കമ്മീഷനെ നിയോഗിച്ചു. 26–12–73 ലെ 3143/73 നമ്പർ ഉത്തരവ് അനുസരിച്ച് ശ്രീ എൻ.വി. കൃഷ്ണവാര്യരെയാണ് ഏകാംഗകമ്മീഷനായി നിയമിച്ചത്. സംസ്കൃത വിദ്യാഭ്യാസത്തിന് ഉതകുന്ന ഒട്ടേറെ നിർദ്ദേശങ്ങൾ അദ്ദേഹം മുന്നോട്ട് വച്ചു. അതിൽ രണ്ടാം അധ്യായത്തിൽ ചേർത്തിട്ടുള്ള നിർദ്ദേശങ്ങളിൽ ചിലത് താഴെ സൂചിപ്പിക്കുന്നു.

- സംസ്കൃതവിദ്യാഭ്യാസത്തിന് പുതിയ ബോധനതന്ത്രങ്ങൾ സ്വീകരിക്കേണ്ടതാണ്.
- സംസ്കൃതവിദ്യാഭ്യാസമേൽനോട്ടത്തിനായി സംസ്കൃതം സ്പെഷ്യൽ ഓഫീസർ തസ്തിക അനുവദിക്കേണ്ടതാണ്.
- പൊതുവിദ്യാഭ്യാസവകുപ്പ് വർഷത്തിലൊരിക്കലെങ്കിലും സംസ്കൃത സമ്മേളനങ്ങളൊ, സെമിനാറുകളൊ സംഘടിപ്പിക്കേണ്ടതാണ്.
- സംസ്കൃതവിദ്യാർത്ഥികൾക്ക് അധികവായനയ്ക്ക് ഉപകരിക്കത്തക്കവണ്ണം ഒരു ത്രൈമാസികപത്രമെങ്കിലും പ്രകാശനം ചെയ്ത് വിദ്യാലയങ്ങളിൽ എത്തിച്ച് കൊടുക്കണം.

റിപ്പോർട്ട് സമർപ്പിച്ച് അധികം താമസിയാതെ തന്നെ സ്പെഷ്യൽ ഓഫീസർ തസ്തിക നിലവിൽ വന്നു. നിർദ്ദേശങ്ങളിൽ മേൽസൂചിപ്പിച്ചവ കഴിഞ്ഞ

പത്ത് വർഷത്തിനകത്ത് പടിപടിയായി നടപ്പിലാക്കി വരുന്നു. സംസ്കൃതോത്സവം, സംസ്കൃതം പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ, സംസ്കൃതം അക്കാദമിക് കൗൺസിൽ, വിദ്യാർത്ഥികൾക്കുള്ള പഠനക്യാമ്പ്, സംസ്കൃത ലൈബ്രറി വിപുലീകരണം, അധ്യാപകപരിശീലനം തുടങ്ങിയവയും കമ്മീഷൻ നിർദ്ദേശങ്ങളിൽ നടപ്പിൽ വരുത്തിയവയാണ്.

### 2.5 ഒന്നാം ക്ലാസ് മുതൽ സംസ്കൃതപഠനം

ഇന്ത്യയിലാദ്യമായി ഒന്നാം ക്ലാസ് മുതൽ സംസ്കൃതം പഠിക്കാനുള്ള അവസരം 2013 മുതൽ കേരളത്തിൽ നടപ്പിലായിട്ടുണ്ട്. പാഠപുസ്തകങ്ങളും ടേർമിനൽ മൂല്യനിർണയങ്ങളും പഠിക്കാൻ കുട്ടികളുമുണ്ടെങ്കിലും സ്റ്റാഫ് നിർണയവും അധ്യാപകനിയമനവും എൽ.പി. വിഭാഗത്തിൽ നാളിതുവരെ നടന്നിട്ടില്ല. ഹൈസ്കൂളിലും യു.പി. സ്കൂളിലുമുള്ള അധ്യാപകർ അധികസമയമെടുത്ത് ഇപ്പോൾ ഈ വിഭാഗത്തിൽ പഠിപ്പിച്ചുവരുന്നു. അതുകൊണ്ടുതന്നെ എൽ.പി. സംസ്കൃതപഠനം വ്യാപകമായിട്ടില്ല.

### 2.6 സംസ്കൃതസ്കോളർഷിപ്പുകൾ

#### 2.6.1 പൊതുവിദ്യാഭ്യാസവകുപ്പ് നൽകുന്ന സ്കോളർഷിപ്പുകൾ–

#### അക്കാദമിക് സ്കോളർഷിപ്പുകൾ

കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ സംസ്കൃതം ഐച്ഛികവിഷയമായി പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിവർഷം നൽകിവരുന്നു. സബ് ജില്ല – ജില്ലാ തല പരീക്ഷകൾ നടത്തി എൽ. പി. തലത്തിൽ ഓരോ ക്ലാസിൽ നിന്നും പത്ത് കുട്ടികൾക്കും യു.പി. തലത്തിൽ ഓരോക്ലാസിനും പതിനഞ്ച് കുട്ടികൾക്കും ഹൈസ്കൂൾ തലത്തിൽ ഓരോ ക്ലാസിലും മുപ്പത് കുട്ടികൾക്കുവീതവും സ്കോളർഷിപ്പ് നൽകിവരുന്നു.

### 2.6.2 ശുദ്ധസംസ്കൃത (ഓറിയന്റൽ സംസ്കൃതം) സ്കോളർഷിപ്പുകൾ

കേരളത്തിലെ ഓറിയന്റൽ സ്കൂളുകളിൽ അഞ്ച് മുതൽ പത്ത് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് മാത്രമായി നൽകിവരുന്ന സ്കോളർഷിപ്പാണ് ശുദ്ധസംസ്കൃതസ്കോളർഷിപ്പ്. ഓരോ ക്ലാസിലേയും പത്ത് കുട്ടികൾക്ക് വീതമാണ് സ്കോളർഷിപ്പ് നൽകുന്നത്.

### 2.6.3 ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാല നൽകിവരുന്ന സ്കോളർഷിപ്പുകൾ

പൊതുവിദ്യാഭ്യാസവകുപ്പ് നടത്തുന്ന സ്കോളർഷിപ്പ് പരീക്ഷയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് ശ്രീശങ്കരാചാര്യ സർവ്വകലാശാല പ്രതിവർഷം സ്കോളർഷിപ്പുകൾ നൽകിവരുന്നു.

### 2.6.4 രാഷ്ട്രീയസംസ്കൃതസംസ്ഥാൻ ന്യൂഡൽഹി

എട്ടാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ സംസ്കൃതം പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിവർഷം രാഷ്ട്രീയസംസ്കൃതസംസ്ഥാൻ ഡീംഡ് യൂണിവേഴ്സിറ്റി സ്കോളർഷിപ്പുകൾ നൽകിവരുന്നു.

## 2.7 ഹയർസെക്കണ്ടറി വിഭാഗം

പ്രീ-ഡിഗ്രി വിദ്യാഭ്യാസം കോളേജുകളിൽ നിന്നും വേർപെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് 1990 ൽ നാമമാത്രമായും 1997 ൽ വ്യാപകമായും ഹൈസ്കൂളുകൾ ഹയർസെക്കണ്ടറി സ്കൂളുകളായി ഉയർത്തി. ഇവയിൽ ഉപഭാഷയായി സംസ്കൃതത്തിനും സ്ഥാനം ലഭിച്ചു. കൂടാതെ പാർട്ട് മൂന്നിൽ ഐച്ഛികവിഷയമായി സംസ്കൃതം സാഹിത്യം, സംസ്കൃതം ശാസ്ത്രം എന്നിവ ഉൾപ്പെട്ട കോമ്പിനേഷനുകളും അനുവദിച്ചു.

- അമൃത എച്ച്. എസ്. എസ്. പാരിപ്പിള്ളി, കൊല്ലം.
- ജി. എച്ച്. എസ്. എസ്. ശാസ്താംകോട്ട, കൊല്ലം
- കെ.വി. സംസ്കൃതം എച്ച്. എസ്. എസ്. മുതുകുളം, ആലപ്പുഴ.
- എൻ. എസ്. എസ്. എച്ച്. എസ്. എസ്. കാവാലം, ആലപ്പുഴ.
- ഗവ. സംസ്കൃതം എച്ച്. എസ്. എസ്. തൃപ്പൂണിത്തുറ, എറണാകുളം.
- ഗവ. സംസ്കൃതം എച്ച്. എസ്. എസ്. വടകര, കോഴിക്കോട്.
- ഗവ. എച്ച്. എസ്. എസ്. കുനിശ്ശേരി, പാലക്കാട്.

എന്നീ വിദ്യാലയങ്ങളിൽ മാത്രമെ നിലവിൽ ഐച്ഛികവിഷയമായി പാർട്ട് മൂന്നിൽ സംസ്കൃതം പഠിക്കാൻ അവസരമുള്ളു.

### 2.8 ഉപരിപഠനസാധ്യത

തിരുവനന്തപുരം, തൃപ്പൂണിത്തുറ, പട്ടാമ്പി എന്നിവടങ്ങളിൽ സർക്കാർ സംസ്കൃത കോളേജുകൾ നിലവിലുണ്ട്. ഇതിൽ പട്ടാമ്പിയിലെ കോളേജിൽ സംസ്കൃതം വകുപ്പാക്കി നിലനിർത്തി ജനറൽ കോളേജ് പാറ്റേണിലേക്ക് മാറി. മറ്റു രണ്ടിടത്തും പോസ്റ്റ് ഗ്രാജ്വേറ്റ് തലം വരെ പഠനസൗകര്യമുണ്ട്. ഇതുകൂടാതെ ജനറൽ കോളേജുകളിൽ മിക്കതിലും സംസ്കൃതം പഠനവകുപ്പുകളും പ്രവർത്തിക്കുന്നു. കേരള, കാലിക്കറ്റ്, മഹാത്മാഗാന്ധി, കണ്ണൂർ സർവകലാശാലകളിൽ പഠനവകുപ്പുകളിൽ ഗവേഷണസൗകര്യമുണ്ട്. കാലടിയിലെ ശ്രീശങ്കരാചാര്യ സംസ്കൃതസർവകലാശാലയിൽ സംസ്കൃതം മുഖ്യമായുള്ളതും ഉദ്ഗ്രഥിതമായതുമായ കോഴ്സുകളും ഗവേഷണസൗകര്യങ്ങളുമുണ്ട്. ഇവ കൂടാതെ ന്യൂഡൽഹി രാഷ്ട്രീയ സംസ്കൃത സംസ്ഥാൻ കൽപിതസർവകലാശാലക്ക് ഗുരുവായൂരിൽ പ്രാദേശികകേന്ദ്രവും കോഴിക്കോട് ബാലുശേരിയിൽ ആദർശസംസ്കൃത വിദ്യാപീഠവുമുണ്ട്. ഇവിടങ്ങളിൽ ഗവേഷണതലം വരെയുള്ള കോഴ്സുകൾ നടക്കുന്നു.

മേൽ സൂചനകളിൽ നിന്ന് കേരളത്തിലെ ഔപചാരിക സംസ്കൃതപഠന രംഗം വളരെ മുന്നിലാണെന്ന് കാണാം.

## 2.9 സംസ്കൃതമാധുരി

സംസ്കൃതഭാഷാപഠനത്തെ പ്രോത്സാഹിപ്പിക്കാൻ കേരളത്തിൽ അനവധി കൃതികളും മാധ്യമങ്ങളും ഗവേഷണപ്രവർത്തനങ്ങളും ഉണ്ടായിട്ടുണ്ട്. എങ്കിലും പ്രാചീനമായ പല പാഠ്യപദ്ധതികളും കൃതികളും ജനകീയമായിരുന്നില്ല. കാലാനുസൃതമായി ജ്ഞാനനിർമ്മിതി വാദത്തിലൂന്നിയ പാഠ്യരീതികൾ വിരളങ്ങളായിരുന്നു. പാരമ്പര്യപാഠ്യരീതികൾ ഇന്നത്തെ കുട്ടികളിൽ സംസ്കൃതത്തോടുള്ള ആഭിമുഖ്യത്തിൽ വിരസത സൃഷ്ടിക്കുകയും അവർ സംസ്കൃതപഠനത്തിൽ നിന്നും ഒളിച്ചോടാൻ തുടങ്ങുകയും ചെയ്തു. അതിനാൽ നൂതനസാങ്കേതികവിദ്യകളെ പ്രയോജനപ്പെടുത്തി ആകർഷകമായ ക്രീഡകൾ ഉൾപ്പെടുത്തി അന്തർദേശീയ അധ്യാപനരീതികൾ പ്രയോജനപ്പെടുത്തി ഒരു സംസ്കൃതപാഠനപദ്ധതി രൂപീകരിച്ച് ജനകീയമാക്കി അവതരിപ്പിക്കേണ്ട ആവശ്യകത മുൻനിർത്തിയാണ് 'സംസ്കൃതമാധുരി' എന്ന ഭാഷാഗവേഷണപദ്ധതിക്ക് തുടക്കം കുറിച്ചത്. ഭാഷണത്തിനും ശ്രവണത്തിനും സ്വതന്ത്രമായ വാക്യരചനയ്ക്കും മുൻതൂക്കം കൊടുത്തുകൊണ്ട് ഏവർക്കും സംസ്കൃതഭാഷാപ്രയോഗങ്ങൾ സിദ്ധമാക്കാൻ അഞ്ച്, ആറ്, ഏഴ് തരങ്ങളിലുള്ള കുട്ടികളെ ഉപലക്ഷണമാക്കി ആവിഷ്കരിച്ച ഒരു പദ്ധതിയാണിത്. സംസ്കൃത അധ്യയനത്തിലുള്ള ഈ മികച്ച പദ്ധതി കുട്ടികളിലൂടെ രക്ഷിതാക്കളിലേക്കും അവരിലൂടെ സമൂഹത്തിലേക്കും ഇറങ്ങിചെന്ന് സംസ്കൃതഭാഷയും അതിന്റെ സാഹിത്യവും സംസ്കാരവും ജനകീയമാകണമെന്നാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയിലൂടെ സംസ്കൃതത്തിലുള്ള വിരസവും കഠിനവുമായ അധ്യയന-അധ്യാപനരീതി മാറുകയും നവീനവും കാലാനുസൃതവുമായ രീതിയിലൂടെ ബഹുജനങ്ങളിൽ സംസ്കൃതഭാഷ എത്തിച്ചേരുകയും ചെയ്യും.

# അധ്യായം 3

## അനുബന്ധപഠനങ്ങളുടെ അവലോകനം

- ആമുഖം
- ക്രിയാപര്യായപദപംക്തി
- ചന്ദമാമ
- ധാതുരൂപമാല
- പാണിനീയപ്രദ്യോതം
- പ്രക്രിയാഭാഷ്യം
- ബാലകവിത
- ബാലപ്രബോധനം
- രസന
- ലഘുസംസ്കൃതം
- വാക്യതത്വം
- ശ്രീരാമോദന്തം
- സിദ്ധരൂപം
- സുധർമ്മ
- സംസ്കൃതപ്രഥമാദർശഃ
- സംസ്കൃതഭാഷ
- സംസ്കൃതസുബോധിനി
- സംസ്കൃതസ്വാധ്യായഃ
- സാൻസ്ക്രിറ്റ് റീഡർ – വാല്യം. 1, 2, 3, 4
- നവവാണി
- സംപ്രതി വാർത്താഃ
- ഉപസംഹാരം

# അധ്യായം 3

## അനുബന്ധപഠനങ്ങളുടെ അവലോകനം

## (Review of Related Studies)

### 3.1 ആമുഖം.

സംസ്കൃതഭാഷയുമായി ബന്ധപ്പെട്ട് കേരളത്തിൽ ധാരാളം പഠനങ്ങൾ നടന്നിട്ടുണ്ട്. ഇത്തരം പഠനങ്ങളിൽ നിന്നും സംസ്കൃതത്തിന്റെ അധ്യയന അധ്യാപന രംഗത്ത് പ്രവർത്തിച്ച തിരഞ്ഞെടുത്ത കുറച്ചു മികച്ച കൃതികളും പഠനങ്ങളും ഓൺലൈൻ മാധ്യമങ്ങളെയും അവയുടെ പ്രവർത്തനരീതികളും വിശകലനവും പുനരവലോകനവും ചെയ്യുന്നു.

### 3.2 ക്രിയാപര്യായപദപംക്തി (क्रियापर्यायपदपङ्क्तिः)

സംസ്കൃതത്തിലെ ക്രിയാപദങ്ങളെ പര്യായബന്ധത്തെ അടിസ്ഥാന മാക്കി ക്രമീകരിച്ച് അർത്ഥം വിവരിക്കുന്ന കൃതിയാണ് ക്രിയാപര്യായപദപംക്തി. മലയാളത്തിലെ ഏത് ക്രിയാപദത്തിന്റെയും സംസ്കൃതരൂപങ്ങൾ എളുപ്പത്തിൽ കണ്ടുപിടിക്കാം എന്നതാണ് ഈ ഗ്രന്ഥത്തിന്റെ ഒരു സവിശേഷത. മലയാളം, സംസ്കൃതം എന്നീ ഭാഷകളിൽ നിന്നുള്ള പരസ്പരവിവർത്തനത്തിന് ഈ കൃതി ഏറെ പ്രയോജനകരമാണ്. കെ.വി. രാമൻ നമ്പൂതിരിപ്പാടാണ് ഗ്രന്ഥകർത്താവ്. കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ 2001 ൽ ആണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്.

### 3.3 ചന്ദമാമ (चन्दमाम)

കുട്ടികൾക്ക് വേണ്ടി രസകരമായ രീതിയിൽ സംസ്കൃതഭാഷയിലൂടെ ബാലകഥകളും കവിതകളും അവതരിപ്പിക്കുന്ന പ്രസിദ്ധീകരണമാണ് ചന്ദമാമ. ഇത്

മാസികയായാണ് പ്രസിദ്ധികരിക്കുന്നത്. മലയാളത്തിലെ ബാലപ്രസിദ്ധീകരണങ്ങളായ ബാലരമ, ബാലഭൂമി, കളിക്കുടുക്ക തുടങ്ങിയവയോട് കിടപിടിക്കുന്ന ഒരു ആനുകാലികപ്രസിദ്ധീകരണമായിരുന്നു ഇത്. ചെന്നൈ ആയിരുന്നു ഇതിന്റെ ആസ്ഥാനം.

### 3.4 ധാതുരൂപമാല (धातुरूपमाला)

കോട്ടയത്തുള്ള നാഷണൽ ബുക്ക് സ്റ്റാളിൽ നിന്നുമാണ് ഈ ഗ്രന്ഥം പ്രകാശനം ചെയ്തിട്ടുള്ളത്. ഫാദർ ജോൺ കുന്നപ്പള്ളിയാണ് ഈ ഗ്രന്ഥത്തിന്റെയും രചയിതാവ്. പ്രക്രിയാഭാഷ്യം എന്ന ഗ്രന്ഥത്തിന്റെ അധ്യയനവേളയിൽ അതിനെ സഹായിക്കുന്ന ഉപഗ്രന്ഥമായിട്ടാണ് ഈ ഗ്രന്ഥം വർത്തിക്കുന്നത്. ഈ ഗ്രന്ഥത്തിൽ ധാതുക്കളെ ഭ്വാദി ഗണംതൊട്ട് ചുരാദിഗണം വരെ പത്ത് ഗണങ്ങളായി തരം തിരിച്ച് അവയുടെ ദശലകാരങ്ങൾ പരാമർശിക്കുന്നു. ഈ രൂപങ്ങൾ കുട്ടികളെ വാക്യരചനയിൽ വളരെയധികം സഹായിക്കുന്നു.

### 3.5 പാണിനീയപ്രദ്യോതം (पाणिनीयप्रद्योतम्)

എല്ലാ നാമങ്ങളുടേയും ഉത്പത്തി ധാതുക്കളിൽനിന്നാണെന്നുള്ള യാസ്കസിദ്ധാന്തമാണ് പാണിനീയപദ്ധതിയുടെ അടിസ്ഥാനം. നാലായിരത്തോളം സൂത്രങ്ങൾ നാലുപാദങ്ങളുള്ള 8 അധ്യായങ്ങളിലായിട്ടാണ് സംഗ്രഹിച്ചിരിക്കുന്നത്. സൂത്രരൂപത്തിലാണ് പാണിനീയം രചിക്കപ്പെട്ടിട്ടുള്ളത്. കാർക്കശ്യമായ കാച്ചിക്കുറുക്കൽ മൂലം ഹ്രസ്വതയേറിയ പാണിനീയസൂത്രങ്ങൾ മനസിലാക്കുക അത്ര എളുപ്പമല്ല. ഇവിടെയാണ് ഐ.സി. ചാക്കോയുടെ പാണിനീയപ്രദ്യോതത്തിന്റെ പ്രസക്തി. പാണിനീയ ആശയങ്ങളെ സരളമായ മലയാളഭാഷയിലൂടെ അവതരിപ്പിക്കുന്ന ഈ വ്യാകരണഗ്രന്ഥം സംസ്കൃതഭാഷക്ക് ഒരു മുതൽക്കൂട്ടാണ്. കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം ആണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്.

### 3.6 പ്രക്രിയാഭാഷ്യം (प्रक्रियाभाष्यम्)

ഫാദർ ജോൺ കുന്നപ്പള്ളി അവർകളാണ് ഈ ഗ്രന്ഥത്തിന്റെ രചയിതാവ്. 1972 ൽ കോട്ടയം നാഷണൽ ബുക്ക് സ്റ്റാളിൽ നിന്നാണ് ഇതിന്റെ ആദ്യപ്രതി പ്രസിദ്ധീകൃതമായത്. ഈ ഗ്രന്ഥത്തിൽ പ്രതിപാദിതവിഷയങ്ങളെ പ്രകരണങ്ങളായി തിരിച്ച് വ്യാകരണ സിദ്ധാന്തങ്ങൾ ഉദ്ധരിച്ച് കുട്ടികൾക്ക് മനസ്സിലാകും വിധമാണ് ആഖ്യാനിച്ചിരിക്കുന്നത്. ഇതിൽ കൃദന്തങ്ങൾ, തദ്ധിതങ്ങൾ, സമാസങ്ങൾ, സന്ധികൾ, കാരകങ്ങൾ എന്നിവയെ വളരെ വിശദമായി ഉദാഹരണസഹിതം പരാമർശിച്ചിരിക്കുന്നു. വാക്യനിർമ്മാണത്തിൽ കാരകങ്ങളുടെ പ്രയോഗങ്ങളെക്കുറിച്ച് വളരെ വിസ്തരിച്ച് പ്രതിപാദിച്ചിട്ടുണ്ട്. ധാതുരൂപങ്ങളുടേയും ക്രിയാരൂപങ്ങളുടേയും അനവധി ഉദാഹരണങ്ങളും പ്രയോഗങ്ങളും ഈ ഗ്രന്ഥത്തിൽ നമുക്ക് കാണാവുന്നതാണ്.

### 3.7 ബാലകവിത (बालकविता)

ഡോ. മുത്തലപുരം മോഹൻദാസാണ് ഈ കൃതിയുടെ രചയിതാവ്. ലളിതഭാഷയിലുള്ള ബാലകവിതകളിലൂടെ കുട്ടികളെ സംസ്കൃതഭാഷയിലേക്ക് ആകർഷിപ്പിക്കുകയും ആകൃഷ്ടരായ കുട്ടികളെ സംസ്കൃതഭാഷയിൽ ബാലകവിതകൾ രചിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുംവിധമാണ് ഈ കൃതി തയ്യാറാക്കിയിട്ടുള്ളത്. കുട്ടി കാണുന്ന പ്രകൃതിസൗന്ദര്യങ്ങളേയും കുട്ടികളുടെ അവസ്ഥാവിശേഷങ്ങളേയും കവി തന്റെ കവിതകളിൽ പ്രതിഫലിപ്പിച്ചിട്ടുണ്ട്.

### 3.8 ബാലപ്രബോധനം (बालप्रबोधनम्)

മലയാളപദ്യങ്ങളിലൂടെ കുട്ടികളെ സംസ്കൃതഭാഷയിലേക്ക് നയിക്കുന്ന ലളിതമായ ഒരു പദ്യകൃതിയാണ് ബാലപ്രബോധനം. ഇതിന്റെ പേര് ഇതിൽ പ്രതിപാദിക്കുന്ന കാര്യങ്ങളെ അന്വർത്ഥമാക്കുന്നു. ഈ ഗ്രന്ഥത്തിൽ ശബ്ദങ്ങളെ

സുബന്തങ്ങളെന്നും തിങന്തങ്ങളെന്നും രണ്ടായി തരംതിരിക്കുകയും സുബന്തങ്ങളെ അജന്തങ്ങളെന്നും ഹലന്തങ്ങളെന്നും രണ്ടായി തരം തിരിച്ച് കാരകാർത്ഥങ്ങൾ വിശദമായി മലയാളത്തിൽ പറഞ്ഞ് ഇവയുടെ പ്രയോഗങ്ങൾ വാക്യരൂപത്തിൽ കാണിക്കുകയും ചെയ്യുന്നു. കേരളത്തിൽ പ്രാചീനരീതിയിൽ സംസ്കൃതം പഠിക്കാൻ തുടങ്ങുന്ന ഏവർക്കും അത്യന്തം ഉപകാരപ്രദമായ ഒരു ഗ്രന്ഥമാണ് ബാലപ്രബോധനം. ഈ ഗ്രന്ഥത്തിന്റെ കർത്താവ് നവാരണ്യ മഹീദേവനാണ്.

### 3.9 രസന (रसना)

കോഴിക്കോട് നിന്നും പ്രസിദ്ധീകരിക്കുന്ന ഒരു മാസികയാണ് രസന. അസ്മിത പബ്ലിക്കേഷൻസ് ആണ് ഇതിന്റെ പ്രസാധകർ. സംസ്കൃതത്തിൽ പ്രാഥമികവിജ്ഞാനമുള്ള ആർക്കും വായിച്ച് അർത്ഥം മനസിലാക്കാവുന്ന ലളിതഭാഷയിലാണ് ഈ മാസിക പ്രസിദ്ധീകരിക്കുന്നത്. ഇതിൽ കഥകൾ, കവിതകൾ, ഉപന്യാസങ്ങൾ, ആനുകാലികവിഷയങ്ങൾ, സമസ്യാപൂരണം, പദപ്രശ്നം തുടങ്ങി സംസ്കൃതഭാഷയെ പരിപോഷിപ്പിക്കുന്ന എല്ലാവിഭവങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്കൃതപ്രേമികൾ, വിദ്യാർത്ഥികൾ, അധ്യാപകർ മുതലായവരുടെ സൃഷ്ടികളും ഈ മാസികയിൽ ഉൾപ്പെടുത്തി വരുന്നുണ്ട്.

### 3.10 ലഘുസംസ്കൃതം (लघुसंस्कृतम्)

കാമധേനുസംസ്കൃതപഠനകേന്ദ്രം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം എടപ്പാൾ എന്ന സംസ്ഥയാണ് ഈ ഗ്രന്ഥത്തിന്റെ പ്രസാധകർ. ലഘുവാക്യരചനകൾക്ക് മുൻതൂക്കം നൽകികൊണ്ട് വലിയവാക്യരചനകളിലേക്ക് കുട്ടികളെ എത്തിക്കുന്ന രീതിയാണ് ഈ ഗ്രന്ഥത്തിൽ അവലംബിച്ചിരിക്കുന്നത്. ലളിത സുഭാഷിതങ്ങളിലെ ഭാഷ കുട്ടികളെ പരിചയപ്പെടുത്തി അതിലെ സന്ധി സമാസങ്ങൾ വിശ്ലേഷിച്ച് കുട്ടികളെ പഠിപ്പിക്കുന്നതാണ് ഇതിന്റെ ആഖ്യാനരീതി.

## 3.11 വാക്യതത്വം (वाक्यतत्वम्)

ഈ പുസ്തകം സംസ്കൃതത്തിലും മലയാളത്തിലും ഒരേപോലെ എഴുതപ്പെട്ടിട്ടുള്ളതാണ്. പി.എസ്. അനന്തനാരായണശാസ്ത്രികളാണ് ഇതിന്റെ രചയിതാവ്. തൃപ്പൂണിത്തുറ സംസ്കൃതകോളേജ് രാമവർമഗ്രന്ഥാവലിയിൽ ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ കൃതി പ്രകാശനം ചെയ്തിട്ടുള്ളത്. വാക്യാർത്ഥജ്ഞാനം, ശബ്ദബോധസഹകാരികാരണങ്ങൾ, വാക്യദോഷങ്ങൾ, സമാസം, സന്ധി, കാരകം, കൃതന്തം-തദ്ധിതാന്തം, വൃത്തികൾ, ലക്ഷണ-വ്യഞ്ജനാ-സ്ഫോടം മുതലായ വിഷയങ്ങൾ ഈ കൃതിയിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഈ കൃതിയുടെ പേര് സൂചിപ്പിച്ചതുപോലെ തന്നെ വാക്യനിർമ്മാണത്തിൽ കുട്ടികൾക്ക് വളരെയധികം പ്രയോജനപ്രദമായ ഗ്രന്ഥമാണിത്.

## 3.12 ശ്രീരാമോദന്തം (श्रीरामोदन्तम्)

ആർ.എസ്. വാദ്ധ്യാർ ആന്റ് സൺസ് എന്ന പ്രസാധകരാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. ഈ ഗ്രന്ഥത്തിന്റെ പ്രകാശനത്തിന് സംയോജകനായി പ്രവർത്തിച്ചത് അനന്തനാരായണശാസ്ത്രികളാണ്. സന്ധിയും സമാസവും കാരകവും അഭ്യസിച്ച കുട്ടികൾക്ക് കാവ്യത്തിലേക്കുള്ള പ്രവേശനം എന്ന നിലയ്ക്കാണ് ഈ ഗ്രന്ഥം വർത്തിക്കുന്നത്. സന്ധി-സമാസങ്ങളുടെ വിശ്ലേഷണത്തിനും പഠിച്ച ഭാഷാസിദ്ധാന്തങ്ങളുടെ സ്മരണത്തിനും നിരവധി ഏടുകൾ ഈ ഗ്രന്ഥത്തിലുണ്ട്. പണ്ട് കേരളത്തിൽ ബാലപ്രബോധനവും സിദ്ധരൂപവും അമരകോശവും പഠിച്ച് വാക്യരചനയിൽ ഉത്സുകരായ കുട്ടികളെ അടുത്ത സോപാനമായി പഠിപ്പിക്കുന്ന ഗ്രന്ഥമായിരുന്നു ഇത്. രാമായണകഥയെ ആസ്പദമാക്കി രചിച്ചിട്ടുള്ള ഒരു സംസ്കൃതഭാഷാകാവ്യമാണിത്.

### 3.13 സിദ്ധരൂപം (सिद्धरूपम्)

കേരളത്തിൽ സിദ്ധരൂപം എന്ന പേരിൽ നിരവധി ഗ്രന്ഥങ്ങൾ പ്രകാശിതമായിട്ടുണ്ട്. പേരുപോലെതന്നെ അജന്തങ്ങളും ഹലന്തങ്ങളുമായിട്ടുള്ള ശബ്ദങ്ങളുടെ 10 ലകാരത്തിലുള്ള രൂപങ്ങളും ഇതിൽ പരാമർശിക്കുന്നു. സംസ്കൃതഭാഷ കൈകാര്യം ചെയ്യാൻ ആഗ്രഹിക്കുന്ന ഏതൊരു കുട്ടിയും സിദ്ധരൂപം അഭ്യസിക്കേണ്ടതാണ്. പ്രാചീനകാലത്ത് കേരളത്തിൽ വാക്കുകളുടെ യാതൊരർത്ഥവും പഠിപ്പിക്കാതെ കുട്ടികളെ 21 ദിവസംകൊണ്ട് ഈ കൃതി കണ്ഠസ്ഥം ചെയ്യിച്ചിരുന്നു. അതിനുശേഷമാണ് കുട്ടികൾ വാക്യരചനയിലേക്ക് കടന്നിരുന്നത്.

### 3.14 സുധർമ്മ (सुधर्मा)

സംസ്കൃതത്തിൽ പ്രസിദ്ധീകരിക്കുന്ന ഒരു ദിനപത്രമാണ് ഇത്. മൈസൂരിൽ നിന്നുമാണ് ഇത് പ്രസിദ്ധികരിക്കുന്നത്. 1970 ജൂലൈ 14 മുതൽ പ്രസിദ്ധീകരിച്ചുതുടങ്ങിയ ഈ പത്രത്തിൽ വളരെ ലളിതമായ ഭാഷയാണ് ഉപയോഗിച്ച് വരുന്നത്. കെ. വി. സമ്പത്ത് കുമാർ ആണ് ഈ പത്രത്തിന്റെ എഡിറ്റർ. സംസ്കൃതഭാഷയിൽ പ്രാഥമികമായ സ്വാധീനം കൈവരിച്ച കുട്ടികൾക്ക് ദേശീയ അന്തർദേശീയ വിഷയങ്ങളിലൂടെ ഭാഷാസ്വാധീനം വർദ്ധിപ്പിക്കാനും ഉറപ്പിക്കാനും സഹായിക്കുന്ന ഒരു ദിനപത്രമാണ് സുധർമ്മ. കുട്ടികൾ പ്രാദേശികഭാഷയിൽ അറിയുന്ന ലോകവിവരങ്ങൾ സംസ്കൃത മാധ്യമത്തിലൂടെ വായിക്കാൻ പ്രേരിപ്പിക്കുന്ന ഈ ദിനപത്രം ഭാഷാധ്യയനത്തിന് കുട്ടികൾക്ക് എന്നും ഒരു തുണയാണ്.

### 3.15 സംസ്കൃതപ്രഥമാദർശഃ (संस्कृतप्रथमादर्शः) Vol. I, II, III, IV

ഈ ഗ്രന്ഥത്തിന്റെ പ്രകാശകർ ആർ. എസ്. വാദ്ധ്യാർ ആന്റ് സൺസ്, കൽപ്പാത്തിയാണ്. ഭാഷയിലെ വളരെ പ്രധാനപ്പെട്ട വിഷയങ്ങളായ സന്ധികളും

സമാസങ്ങളും കഥകളിലൂടെ അവതരിപ്പിക്കുന്ന ശൈലിയാണ് ഇതിനുള്ളത്. നിരവധി ഉദാഹരണങ്ങളിലൂടെ ഈ ഗ്രന്ഥം വാക്യരചനയ്ക്ക് പ്രാമുഖ്യം കൽപ്പിക്കുന്നു.

### 3.16 സംസ്കൃതഭാഷ (संस्कृतभाषा) ഗ്രന്ഥം 1, 2, 3

തുടർച്ചയായ മൂന്ന് വാല്യങ്ങളായി പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു ഗ്രന്ഥരാശിയാണിത്. കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാടാണ് ഇതിന്റെ സംശോധനവും സംസ്കരണവും നിർവ്വഹിച്ചിരിക്കുന്നത്. കുന്ദംകുളം, കാണിപ്പയ്യൂർ പഞ്ചാംഗം പുസ്തകശാല എന്ന അച്ചുകൂടത്തിൽ നിന്നുമാണ് ഈ ഗ്രന്ഥമാല മുദ്രിതമായിട്ടുള്ളത്.

അക്ഷരമാലാക്രമത്തിൽ തുടങ്ങി വാക്യരചനയിൽ അവസാനിക്കുന്ന ശൈലിയാണ് ഈ ഗ്രന്ഥത്തിൽ അവലംബിച്ചിരിക്കുന്നത്. നിത്യജീവിതത്തിൽ ഉപയോഗിക്കേണ്ടിവരുന്ന അനവധി ക്രിയകളുടെ വചന–പുരുഷ ഭേദങ്ങൾക്കനുസരിച്ചുള്ള നാല് ലകാരങ്ങളിലെ രൂപങ്ങൾ ഇതിൽ വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നു. ലഘുവാക്യനിർമ്മാണത്തിന് ഈ ഗ്രന്ഥം കുട്ടികളെ വളരെയധികം സഹായിക്കുന്നു.

### 3.17 സംസ്കൃതസുബോധിനി (संस्कृतसुबोधिनी)

പാല രാമകൃഷ്ണമഠത്തിൽ നിന്നും പ്രസിദ്ധീകരിച്ചിരിക്കുന്ന ഒരു ഗ്രന്ഥമാണിത്. സ്വപ്രഭാനന്ദസ്വാമി തന്റെ അധ്യയനവേളയിൽ സംസ്കൃതം പഠിക്കാൻ തുടങ്ങുന്ന കുട്ടികൾക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ള ഒരു പുസ്തകമാണിത്. ഈ ഗ്രന്ഥത്തിൽ മലയാളഭാഷയിൽ നിന്നും സംസ്കൃതത്തിലേക്കും, സംസ്കൃതഭാഷയിൽ നിന്നും മലയാളത്തിലേക്കും ഉള്ള വാക്യങ്ങളുടെ അനുവാദങ്ങൾക്കാണ് പ്രാധാന്യം കൽപിച്ചിട്ടുള്ളത്. ആദ്യഘട്ടത്തിൽ രണ്ട് വാക്കുകൾ ചേർന്നുള്ള വാക്യങ്ങൾ തുടർന്ന് വിവിധ കാരകങ്ങൾ ചേർത്ത് വാക്യങ്ങൾ വിപുലമാക്കി കുട്ടികളുടെ വാക്യരചനാപാടവം വർദ്ധിപ്പിക്കുന്നു.

### 3.18 സംസ്കൃതസ്വാധ്യായഃ (संस्कृतस्वाध्यायः)

രാഷ്ട്രീയസംസ്കൃതസംസ്ഥാൻ ന്യൂഡൽഹിയാണ് ഇതിന്റെ പ്രസാധകർ. സംസ്കൃതം പഠിക്കാൻ തുടങ്ങുന്ന ഏതൊരാൾക്കും അക്ഷരമാല മുതൽ വിഭക്തി-ലകാര-സന്ധി-സമാസങ്ങൾ തുടങ്ങിയവ അഭ്യസിച്ച് പ്രാഥമികപാഠങ്ങൾ അധ്യാപകസഹായം കൂടാതെ സ്വയം പഠിക്കാവുന്നരീതിയിലാണ് ഈ ഗ്രന്ഥം ക്രമപ്പെടുത്തിയിരിക്കുന്നത്. വി. കുടുംബശാസ്ത്രിയാണ് ഇതിന്റെ സമ്പാദകൻ.

### 3.19 സാൻസ്കൃിറ്റ് റീഡർ – വാല്യം. 1, 2, 3, 4

ആർ. എസ്. വാദ്ധ്യാർ ആന്റ് സൺസ് കല്പാത്തി, പാലക്കാട്, എന്ന പ്രസാധകരാണ് ഈ ഗ്രന്ഥസമൂഹം പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഹലന്തശബ്ദ ങ്ങളുടെയും അജന്തശബ്ദങ്ങളുടെയും അനവധി ഉദാഹരണങ്ങൾ ഇതിൽ പരാ മർശിച്ചിരിക്കുന്നു. വാക്യനിർമ്മാണത്തിനുപകരിക്കുന്ന ക്ത്വാന്തങ്ങളും ല്യബന്തങ്ങളും തുമുന്നന്തങ്ങളും ഈ ഗ്രന്ഥത്തിൽ പട്ടികപെടുത്തിയിരിക്കുന്നു. അതുകൊണ്ട് തന്നെ കുട്ടികളുടെ ആകാംക്ഷക്കനുസരിച്ച് വിവിധ ധാതുക്കളുടെ ക്ത്വാന്താദിരൂപങ്ങൾ തിരഞ്ഞെടുത്ത് എളുപ്പമുപയോഗിക്കാൻ സാധിക്കുന്നു. വിവരണങ്ങൾ ആംഗലേയ ഭാഷയിൽ സുവ്യക്തമായി തന്നിട്ടുള്ളതിനാൽ കുട്ടികൾക്ക് കൂടുതലായി ഉപയോ ഗപ്പെടുന്നു.

### 3.20 നവവാണി (नववाणी)

കേരള സംസ്ഥാന പൊതുവിദ്യാഭ്യാസവകുപ്പ് നടപ്പിലാക്കുന്ന ഹൈടെക്ക് വിദ്യാഭ്യാസപദ്ധതിക്ക് അനുസൃതമായി സംസ്കൃതപഠനവും അധ്യാപനവും സ്മാർട്ട് ഫോൺ അടക്കമുള്ള ആധുനികസങ്കേതങ്ങളുടെ സഹായത്തോടെ ക്ലാസ് റൂം വിജ്ഞാനനിർമ്മിതിക്ക് ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 2010 മുതൽ നവവാണി എന്ന വെബ് സൈറ്റ് പ്രവർത്തിച്ച് വരുന്നു. ഇരിങ്ങാലക്കട

വിദ്യാഭ്യാസജില്ല സംസ്കൃത അക്കാദമിക കൗൺസിലിന്റെ നേതൃത്വത്തിലാണ് ഇത് പ്രവർത്തിക്കുന്നത്. www.navavani.org.in എന്ന ഈ വെബ് സൈറ്റ് അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒരുപോലെ ഉപയോഗപ്രദമാണ്.

### 3.21 സംപ്രതി വാർത്താഃ (संप्रति वार्ताः)

സ്കൂൾ കുട്ടികൾ വാർത്താവതാരകരായ ലോകത്തിലെ തന്നെ ആദ്യ ഓൺലൈൻ വാർത്താചാനൽ ആണ് സംപ്രതി വാർത്താഃ. അത് ഏറ്റവും പുരാതനഭാഷയായ സംസ്കൃതത്തിൽ നവമാധ്യമത്തിലൂടെ എന്നതും ശ്രദ്ധേയമാണ്. 2016ൽ എറണാകുളത്ത് തുടക്കമിട്ട ഈ സംസ്കൃത വാർത്താ സംപ്രേഷണ പരിപാടി ഇതുവരെയായി 103 എപ്പിസോഡുകൾ പൂർത്തിയാക്കിയട്ടുണ്ട്. കൂടാതെ ഇതിന്റെ ഓൺലൈൻ മാഗസിനിൽ വിദ്യാർത്ഥികൾക്കാവശ്യമായ പഠന സാമഗ്രികൾ ലഭ്യമാണ്. എറണാകുളം സെന്റ് മേരീസ് യു.പി. സ്കൂൾ സംസ്കൃതാധ്യാപകനായ അയ്യമ്പുഴ ഹരികുമാർ ആണ് ഈ പദ്ധതിയുടെ സൂത്രധാരൻ.

### 3.22 ഉപസംഹാരം

സംസ്കൃതഭാഷാപഠനത്തെ പ്രോത്സാഹിപ്പിക്കാൻ കേരളത്തിൽ അനവധി കൃതികളും മാധ്യമങ്ങളും ഗവേഷണപ്രവർത്തനങ്ങളും ഉണ്ടായിട്ടുണ്ട്. എങ്കിലും പ്രാചീനമായ പല പാഠ്യപദ്ധതികളും കൃതികളും ജനകീയമായിരുന്നില്ല. കാലാനുസൃതമായി ജ്ഞാനനിർമ്മിതിവാദത്തിലൂന്നിയ പാഠ്യരീതികൾ വിരളങ്ങളായിരുന്നു. പാരമ്പര്യ പാഠ്യരീതികൾ ഇന്നത്തെ കുട്ടികളിൽ സംസ്കൃതത്തോടുള്ള ആഭിമുഖ്യത്തിൽ വിരസത സൃഷ്ടിക്കുകയും അവർ സംസ്കൃതത്തെ കഠിനവും പ്രൗഢവുമായി കണ്ടിട്ട് ഒളിച്ചോടാൻ തുടങ്ങുകയും ചെയ്തു. അതിനാൽ നൂതനസാങ്കേതിക വിദ്യകളെ പ്രയോജനപ്പെടുത്തി ആകർഷകമായ ക്രീഡകൾ ഉൾപ്പെടുത്തി അന്തർദേശീയ അധ്യാപനരീതികൾ പ്രയോജനപ്പെടുത്തി ഒരു സംസ്കൃതപാഠന

പദ്ധതി രൂപീകരിച്ച് ജനകീയമാക്കി അവതരിപ്പിക്കേണ്ട ആവശ്യകത മുൻനിർത്തിയാണ് 'സംസ്കൃതമാധുരി' എന്ന ഭാഷാഗവേഷണപദ്ധതിക്ക് തുടക്കം കുറിച്ചത്.

# അധ്യായം 4

# രീതിശാസ്ത്രം

- ആമുഖം
- മുന്നൊരുക്കങ്ങൾ
- വിദ്യാർത്ഥികൾക്കുള്ള വിലയിരുത്തൽ രേഖ
- അധ്യാപകരുടെ അഭിപ്രായ സർവ്വെ
- സംസ്കൃതമാധുരി (മൊഡ്യൂൾ വിശകലനം)
- ഉദ്ദേശ്യങ്ങൾ
- വിദ്യാർത്ഥികളുടെ പ്രതികരണപത്രം
- അധ്യാപകരുടെ പ്രതികരണപത്രം

# അധ്യായം 4

## രീതിശാസ്ത്രം (METHODOLOGY)

### 4.1 ആമുഖം

മനുഷ്യനെ മാനവികതയിലേക്ക് നയിക്കുന്നതിന് സംസ്കൃതഭാഷാപഠനം ഏറെ സഹായകരമാണ്. സംസ്കൃതഭാഷ സ്വായത്തമാക്കുന്നതിന് അതിന്റെ സുഘടിതമായ ചട്ടക്കൂട് വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം പ്രയാസം തന്നെയാണ്. ശ്രവണം, ഭാഷണം, വാചനം, ലേഖനം എന്നീ നാലുഘട്ടങ്ങളിലൂടെ കടന്നുപോയി ഭാഷാശേഷി ആർജിക്കേണ്ടുന്ന വിദ്യാർത്ഥികളിൽ സങ്കോചമില്ലാതെ തന്റെ ആശയങ്ങൾ, സംശയങ്ങൾ, ചോദ്യങ്ങൾ, അഭിപ്രായങ്ങൾ എന്നിവ പങ്കുവെയ്ക്കുന്നതിനും മികച്ചരീതിയിൽ സംസാരിക്കുന്നതിനും പ്രയാസം അനുഭവപ്പെടുന്നതായി മനസിലാക്കുവാൻ സാധിച്ചു. ഇത്തരം പ്രയാസങ്ങളെ ദൂരീകരിക്കുന്നതിനാണ് കേരള സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലനസമിതി 'സംസ്കൃതമാധുരി' എന്ന ഭാഷാപഠനപരിപോഷണപദ്ധതി ആവിഷ്കരിച്ചത്.

### 4.2 മുന്നൊരുക്കങ്ങൾ

സംസ്കൃതഭാഷയിലൂടെ വിദ്യാർത്ഥികൾ ആർജിക്കേണ്ട വ്യവഹാര രൂപങ്ങളെ ലളിതവും ഹൃദ്യവും ആകർഷകവും ആയരീതിയിൽ അവതരിപ്പിക്കുക എന്നത് ശ്രമകരമാണ്. ഇതിന് ഉതകും വിധം രൂപകൽപനചെയ്ത ഭാഷാപരിപോഷണപദ്ധതിയാണ് സംസ്കൃതമാധുരി. പ്രാഥമികതലത്തിൽ സംസ്കൃതം പഠിക്കുന്ന അഞ്ച്, ആറ്, ഏഴ് ക്ലാസുകളിലെ വിദ്യാർത്ഥികളെ മുന്നിൽ

കണ്ടുകൊണ്ടുള്ളതാണ് ഈ പദ്ധതി. ഇതിന്റെ മുന്നൊരുക്കങ്ങളുടെ ഭാഗമായി കേരള സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലനസമിതി കേരളത്തിലെ ഒമ്പത് ജില്ലകളിൽനിന്നും പത്ത് വിദ്യാലയങ്ങളെ തെരെഞ്ഞെടുക്കുകയും ആ വിദ്യാലയങ്ങളിലെ സംസ്കൃത അധ്യാപകരെ ഉൾപ്പെടുത്തിക്കൊണ്ട് പഠനനില വാരം പരിശോധിക്കുവാൻ സഹായകമാവുന്ന വിലയിരുത്തൽ രേഖ നൽകി കൊണ്ട് പരിശോധിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിൽ നിന്നുള്ള പൊതുവിദ്യാലയങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയത്. കുട്ടികൾക്ക് സ്വയം വിലയിരുത്തുവാൻ സാധിക്കുന്നതരത്തിൽ ചോദ്യാവലിയും അധ്യാപകന്റെ അഭിപ്രായങ്ങൾ ക്രോഡികരിക്കാൻ സാധിക്കുന്ന തരത്തിലുള്ള ചോദ്യാവലിയും ഉൾപ്പെടുന്ന രണ്ടുവിധത്തിലുള്ള ചോദ്യാവലികളാണ് നൽകിയത്. ഇതിൽനിന്നും ലഭിച്ച പ്രതികരണങ്ങളെ സമഗ്രമായി വിലയിരുത്തിയതിലൂടെയും അധ്യാപകരുടെ അഭിപ്രായങ്ങളെ ക്രോഡീകരിച്ചതിലൂടെയും വിദ്യാർത്ഥികൾക്ക് ആശയവിനിമയം, സ്വതന്ത്രരചന തുടങ്ങിയ മേഖലകളിലാണ് വെല്ലുവിളികൾ നേരിടുന്നത് എന്ന് ബോധ്യപ്പെട്ടു. ഇതിന് സഹായകമായി ചോദ്യാവലികൾ താഴെ സൂചിപ്പിക്കുന്നു.

**4.3 വിദ്യാർത്ഥികൾക്കുള്ള വിലയിരുത്തൽ രേഖ**

1. സംസ്കൃതഭാഷ കേട്ടുമനസ്സിലാക്കാനുള്ള കഴിവ്.
2. പാഠഭാഗങ്ങൾ വായിച്ച് മനസിലാക്കാനുള്ള കഴിവ്.
3. സംസ്കൃതത്തിൽ സംഭാഷണം നടത്തുന്നതിനും മറ്റ് ആശയവിനിമയത്തിനുമുള്ള കഴിവ്.
4. കണ്ടെഴുതാനുള്ള കഴിവ്.
5. കേട്ടെഴുതുവാനുള്ള കഴിവ്.
6. സംസ്കൃതത്തിൽ സ്വതന്ത്രമായി രചനാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള ശേഷി.

7. സൂചകങ്ങൾ ശരാശരിയിൽ താഴെയുള്ളവർക്കായി പരിഹാരപ്രവർത്തനങ്ങളുടെ വിവരങ്ങൾ.

## 4.4 അധ്യാപകരുടെ അഭിപ്രായസർവ്വേ

1. കുട്ടികളുടെ സംസ്കൃതഭാഷാശേഷി വികാസത്തിന് സംസ്കൃതമാധ്യമത്തിലൂടെയുള്ള പഠനം അനിവാര്യമാണ്.
2. സംസ്കൃതമാധ്യമത്തിലൂടെ ക്ലാസ്റൂം വിനിമയം മെച്ചപ്പെടുത്തുവാൻ അധ്യാപകരെ പ്രാപ്തരാക്കേണ്ടതുണ്ട്.
3. ക്ലാസ്റൂമിലും പുറത്തും സംസ്കൃതവാതാവരണം ഉണ്ടാകുന്നത് പഠനപ്രക്രിയയെ സുഗമമാക്കുന്നു.
4. വിദ്യാർത്ഥികളും അധ്യാപകരും തമ്മിൽ സംസ്കൃതത്തിൽ ആശയവിനിമയം നടത്തേണ്ടതുണ്ട്.
5. വിദ്യാർത്ഥികളെ സംസ്കൃതഭാഷാവിനിമയത്തിന് പ്രാപ്തരാക്കേണ്ടതുണ്ട്.
6. ഭാഷാപഠനം അതത് മാധ്യമങ്ങളിലൂടെ ആണെങ്കിൽ രസകരവും പ്രയോജനപ്രദവും ആകും.
7. ഐച്ഛികഭാഷയെന്നനിലയിൽ ക്ലാസ്റൂം വിനിമയത്തിന് നിലവിലുള്ള പരിമിതി തരണം ചെയ്യുന്നതിന് നൂതനസാങ്കേതികവിദ്യയും ക്രീഡാപദ്ധതികളും ആവിഷ്കരിക്കേണ്ടതുണ്ട്.

## 4.5 സംസ്കൃതമാധുരി (മൊഡ്യൂൾ വിശകലനം)

പ്രാഥമികതലത്തിൽ സംസ്കൃതം പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്കൃതഭാഷയോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സരളവും സരസവുമായ ഒരു ഭാഷാപഠനപദ്ധതി എന്ന നിലയ്ക്ക് സംസ്കൃതമാധുരി നടപ്പിലാക്കി. 5, 6, 7 ക്ലാസുകളിലെ വിദ്യാർത്ഥികളുടെ ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ്

ഈ പദ്ധതി ആവിഷ്കരിച്ചത്. ഇരുപത്തിയഞ്ച് മണിക്കൂർ അധികപഠനം എന്ന രീതിയിൽ വിഭാവനം ചെയ്തിട്ടുള്ളതാണ് ഈ പദ്ധതി.

### 4.6 ഉദ്ദേശ്യങ്ങൾ

- ❖ കുട്ടികളിൽ ഭാഷാശേഷിയും സർഗ്ഗാത്മകതയും വർദ്ധിപ്പിക്കുന്നതിന്.
- ❖ അധ്യാപകരിലൂടെ വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും സംസ്കൃത ഭാഷയിൽ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുന്നതിന്.
- ❖ സംസ്കൃതപഠനം സരളവും ഫലപ്രദവുമായി നടപ്പിലാക്കുന്നതിന്.
- ❖ നൂതനസാങ്കേതികവിദ്യയുടെ സഹായത്തോടെ ഭാഷാപഠനം ലളിതവും ആകർഷകവും ആക്കുന്നതിന്.

സംസ്കൃതഭാഷയിലെ അടിസ്ഥാനപരമായ ആശയങ്ങളെ കവിതകൾ, പാട്ടുകൾ, ക്രീഡകൾ, ചിത്രപ്രദർശനങ്ങൾ, വീഡിയോ പ്രദർശനങ്ങൾ, സംഭാഷണങ്ങൾ എന്നിവയിലൂടെ ആകർഷകവും ഹൃദ്യവുമായി അവതരിപ്പിക്കുന്ന രീതിയിലാണ് ഇത് ആവിഷ്കരിച്ചത്. ഇതിനുവേണ്ടി തയ്യാറാക്കപ്പെട്ട അവതരണഗീതം തന്നെ കുട്ടികളുടെ ഉത്സാഹം വർദ്ധിപ്പിക്കും വിധമാണ്.

സംസ്കൃതഭാഷയിലുള്ള ആശയവിനിമയശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടി സംസ്കൃതപദങ്ങളുടെ പരിചായനം, ക്രിയാപദപരിചായനം, ലഘുവാക്യനിർമ്മാണം, വചനഭേദപരിചായനം, പുരുഷഭേദപരിചായനം, വാക്യഭേദപരിചായനം, ലിംഗഭേദപരിചായനം, പ്രശ്നവാചകശബ്ദപരിചായനം, വിഭക്തിപരിചായനം, ഉപസർഗപരിചായനം, സംഖ്യാപരിചായനം, വ്യക്തിത്വവികാസത്തിന് സഹായിക്കുന്ന സുഭാഷിതങ്ങളുടെ പരിചായനം, കാലപരിചായനം, നിത്യോപയോഗവസ്തുകൾ-ആഭരണങ്ങൾ-വിദ്യാലയോപകരണങ്ങൾ-വീട്ടുപകരണങ്ങൾ-വസ്ത്രങ്ങൾ എന്നിവയുടെ നാമപരിചായനം, ദിനനാമപരിചായനം തുടങ്ങിയ വിവിധ മേഖലകളിലൂടെ കടന്നുപോകും വിധമാണ് ഇത് രൂപകൽപന

ചെയ്തത്. മേൽസൂചിതങ്ങളായ ആശയങ്ങൾ ഊട്ടിയുറപ്പിക്കുന്നതിന് അനുഗുണമായ ക്രീഡകളും വർക്ക് ഷീറ്റുകളും മറ്റും ഇതിന്റെ ഭാഗമായി ഉണ്ട്. വിദ്യാർത്ഥികൾക്ക് സ്വതന്ത്രമായ സംഭാഷണങ്ങൾക്കും അവതരണങ്ങൾക്കും എല്ലാഘട്ടങ്ങളിലും അവസരം ലഭിക്കും എന്നത് ഈ പ്രവർത്തനരൂപരേഖയുടെ സവിശേഷതയാണ്. സംസ്കൃതഭാഷയിൽ തീരെ അവഗാഹമില്ലാത്തവർക്കുപോലും ഭാഷാപഠനം എളുപ്പമാക്കുന്നു എന്ന നിലയിൽ സംസ്കൃതമാധുരി ഇതഃപൂർവ്വങ്ങളായ ഭാഷാപഠനപരിപോഷണപദ്ധതികൾക്കെല്ലാം മീതെ പരിലസിക്കുന്നു.

### 4.7 വിദ്യാർത്ഥികളുടെ പ്രതികരണപത്രം

സംസ്കൃതമാധുരിയുടെ ഭാഗമായുള്ള പത്ത് വിദ്യാലയങ്ങളിലും കൂടി ആകെയുള്ള 325 വിദ്യാർത്ഥികളിലാണ് ഈ പദ്ധതിയിലൂടെ ഭാഷ പരിപോഷിപ്പിക്കപ്പെട്ടത്. വിദ്യാർത്ഥികളുടെ ഭാഷാപുരോഗതി വിലയിരുത്തുന്നതിന് അഭ്യാസപത്രികകളാണ് (Worksheets) സഹായകമായത്. ഓരോ വിദ്യാലയങ്ങളിലും വിദ്യാർത്ഥികൾ പൂരിപ്പിച്ച അഭ്യാസപത്രികകളുടെ സമഗ്രമായ വിലയിരുത്തലിലൂടെ അനുഗുണമായ ഭാഷാശേഷി വികസനം മനസിലാക്കുവാൻ സാധിച്ചു.

### 4.8 അധ്യാപകരുടെ പ്രതികരണപത്രം

പദ്ധതിയുടെ ഭാഗഭാക്കുകളായ അധ്യാപകരും പൂർത്തീകരിച്ച വിലയിരുത്തൽ രേഖ സംസ്കൃതമാധുരി എന്ന പദ്ധതിയുടെ വിജയം കൊട്ടിഘോഷിക്കുന്നവകകളാണ്. വിലയിരുത്തലിന്റെ ഭാഗമായുള്ള ഓരോ മേഖലയും സമഗ്രവിശകലനത്തിന് വിധേയമാക്കിയപ്പോൾ വിദ്യാർത്ഥികളുടെ ഭാഷാശേഷി അഭൂതപൂർവ്വമാം വിധം വർദ്ധിച്ചതായി മനസിലാക്കാൻ സാധിച്ചു.

# അധ്യായം 5

# വിശകലനവും വ്യാഖ്യാനവും

- ആമുഖം
- വിദ്യാർത്ഥികൾക്കുള്ള വിലയിരുത്തൽ രേഖ വിശകലനം
- വിദ്യാർത്ഥിതല വിലയിരുത്തൽ രേഖ വിശകലനം ചെയ്തപ്പോൾ എത്തിച്ചേർന്ന നിഗമനം
- അധ്യാപകരുടെ അഭിപ്രായസർവ്വെ വിശകലനം
- അധ്യാപകരുടെ അഭിപ്രായസർവ്വെ വിശകലനം ചെയ്തപ്പോൾ എത്തിച്ചേർന്ന നിഗമനം
- വിദ്യാർത്ഥിതല പോസ്റ്റ് ടെസ്റ്റ് വിലയിരുത്തൽ
- പോസ്റ്റ് ടെസ്റ്റിന്റെ അടിസ്ഥാനത്തിലുള്ള അധ്യാപകരുടെ നിഗമനം

# അധ്യായം 5

## വിശകലനവും വ്യാഖ്യാനവും

### 5.1 ആമുഖം

കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ യു.പി. വിഭാഗത്തിൽ സംസ്കൃതം പഠിക്കുന്ന കുട്ടികൾക്ക് അവരുടെ ഭാഷാശേഷി മെച്ചപ്പെടുത്താൻ എസ്.സി.ഇ. ആർ.ടി. യുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ പദ്ധതിയാണ് സംസ്കൃതമാധുരി. ഈ പദ്ധതിയുടെ ഫലപ്രാപ്തി വിശകലനം ചെയ്യുകയാണ് പഠനത്തിന്റെ ലക്ഷ്യം. അതിനായി സംസ്ഥാനത്തെ ഒമ്പത് ജില്ലകളിൽ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ) നിന്ന് ഭാഗഭാക്കുകളായ അധ്യാപകർ, കുട്ടികൾ എന്നിവർക്ക് നൽകിയ ചോദ്യാവലികൾ വിശകലനം ചെയ്ത് അതിന്റെ നിഗമനങ്ങൾ രേഖപ്പെടുത്തുന്നു.

### 5.1.0 വിദ്യാർത്ഥികൾക്കുള്ള വിലയിരുത്തൽ രേഖ വിശകലനം

കേരളത്തിലെ വിവിധ ജില്ലകളിലുള്ള പത്ത് വിദ്യാലയങ്ങളിൽ സംസ്കൃതം പഠിക്കുന്ന വിദ്യാർത്ഥികളുടെ ഭാഷാപരമായ ശേഷി സ്വയം വിലയിരുത്തി നിർദ്ദിഷ്ടകോളങ്ങളിൽ രേഖപ്പെടുത്തുന്നതിന് പര്യാപ്തമായ ഒരു ചോദ്യാവലി നൽകി വിദ്യാർത്ഥികളുടെ സ്വാനുഭവം കൃത്യതയോടുകൂടി അടയാളപ്പെടുത്തി സമാഹരിച്ചു. ലഭ്യമായ വിവരങ്ങൾ അടങ്ങിയ വിലയിരുത്തൽ രേഖയുടെ അടിസ്ഥാനത്തിൽ അവയെ പട്ടികപ്പെടുത്തി ഗ്രാഫുകളാക്കുകയും നിലവിലുള്ള അവസ്ഥയെ തിരിച്ചറിഞ്ഞു പരിഹാരപ്രവർത്തനങ്ങൾ സജ്ജീകരിക്കേണ്ടതിന്റെ ആവശ്യകതയെ ബോധ്യപ്പെടുകയും ചെയ്തു. ലഭ്യമായ വിവരങ്ങളുടെ ഗ്രാഫും അവയുടെ തുടർപഠനങ്ങളും ചുവടെ ചേർക്കുന്നു.

### *5.1.1 സംസ്കൃതഭാഷ കേട്ടുമനസിലാക്കാനുള്ള കഴിവ്*

സംസ്കൃതഭാഷ കേട്ടുമനസിലാക്കാനുള്ള കുട്ടികളുടെ കഴിവ് സംബന്ധിച്ച ദത്തം പട്ടിക 1 ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 1**


സംസ്കൃതഭാഷ കേട്ടുമനസ്സിലാക്കാനുള്ള കഴിവ്

| ക്രമ.നം. | ജില്ല | കുട്ടികളുടെ എണ്ണം | കുട്ടികൾ – ശതമാനത്തിൽ | | | | |
|---|---|---|---|---|---|---|---|
| | | | വളരെ മികച്ചത് | മികച്ചത് | ശരാശരി | ശരാശരിക്ക് താഴെ | ആകെ |
| 1 | തിരുവനന്തപുരം | 25 | 20 | 20 | 40 | 20 | 100 |
| 2 | കൊല്ലം | 60 | 21 | 47 | 17 | 15 | 100 |
| 3 | പത്തനംതിട്ട | 32 | 31 | 31 | 19 | 19 | 100 |
| 4 | ആലപ്പുഴ | 27 | 0 | 63 | 18 | 19 | 100 |
| 5 | ഇടുക്കി | 32 | 3 | 75 | 16 | 6 | 100 |
| 6 | എറണാകുളം | 23 | 22 | 22 | 44 | 12 | 100 |
| 7 | തൃശ്ശൂർ | 28 | 0 | 21 | 43 | 36 | 100 |
| 8 | പാലക്കാട് | 72 | 14 | 35 | 41 | 10 | 100 |
| 9 | കണ്ണൂർ | 26 | 0 | 31 | 23 | 46 | 100 |
| | **ആകെ** | **325** | **12** | **38** | **30** | **20** | **100** |

അവലംബം: സർവ്വേ ഡാറ്റ 2018–19

**ചിത്രം 1**

കേട്ടുമനസിലാക്കുവാനുള്ള കഴിവ് (കുട്ടികൾ ശതമാനത്തിൽ)




പാഠഭാഗങ്ങൾ കേട്ട എഴുതുവാനുള്ള കഴിവ് വളരെ മികച്ചതായിട്ട് 12 ശതമാനം കുട്ടികൾക്കും മികച്ചതായിട്ട് 38 ശതമാനം കുട്ടികൾക്കും അനുഭവപ്പെട്ടു. 30 ശതമാനം കുട്ടികൾ ശരാശരി നിലവാരവും 20 ശതമാനം കുട്ടികൾ ശരാശരിക്ക് താഴെയും രേഖപ്പെടുത്തി.

### 5.1.2 സംസ്കൃത പാഠഭാഗങ്ങൾ വായിച്ചുമനസിലാക്കാനുള്ള കഴിവ്

പാഠഭാഗങ്ങൾ വായിച്ച് മനസിലാക്കാനുള്ള കുട്ടികളുടെ കഴിവ് സംബന്ധിച്ച ദത്തം പട്ടിക 2ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 2**


പാഠഭാഗങ്ങൾ വായിച്ച് മനസിലാക്കുവാനുള്ള കഴിവ്

| ക്രമ.നം. | ജില്ല | കുട്ടികൾ – ശതമാനത്തിൽ | | | | | |
|---|---|---|---|---|---|---|---|
| | | കുട്ടികളുടെ എണ്ണം | വളരെ മികച്ചത് | മികച്ചത് | ശരാശരി | ശരാശരിക്ക് താഴെ | ആകെ |
| 1 | തിരുവനന്തപുരം | 25 | 4 | 32 | 36 | 28 | 100 |
| 2 | കൊല്ലം | 60 | 13 | 33 | 39 | 15 | 100 |
| 3 | പത്തനംതിട്ട | 32 | 31 | 31 | 19 | 19 | 100 |
| 4 | ആലപ്പുഴ | 27 | 14 | 48 | 19 | 19 | 100 |
| 5 | ഇടുക്കി | 32 | 3 | 75 | 16 | 6 | 100 |
| 6 | എറണാകുളം | 23 | 43 | 44 | 9 | 4 | 100 |
| 7 | തൃശ്ശൂർ | 28 | 14 | 21 | 36 | 29 | 100 |
| 8 | പാലക്കാട് | 72 | 7 | 42 | 35 | 16 | 100 |
| 9 | കണ്ണൂർ | 26 | 15 | 31 | 31 | 23 | 100 |
| | **ആകെ** | **325** | **13** | **41** | **29** | **17** | **100** |

അവലംബം: സർവ്വേ ഡാറ്റ 2018–19

**ചിത്രം 2**

വായിച്ച് മനിസിലാക്കാനുള്ള കഴിവ് (കുട്ടികൾ ശതമാനത്തിൽ)




പാഠഭാഗങ്ങൾ വായിച്ച മനസിലാക്കാൻ ഉള്ള കഴിവ് വളരെ മികച്ചതായിട്ട് 13 ശതമാനം കുട്ടികൾക്കും മികച്ചതായിട്ട് 41 ശതമാനം കുട്ടികൾക്കും അനുഭവപ്പെട്ടു. 29 ശതമാനം കുട്ടികൾ ശരാശരി നിലവാരവും 17 ശതമാനം കുട്ടികൾ ശരാശരിക്ക് താഴെയും രേഖപ്പെടുത്തി.

### 5.1.3 സംസ്കൃതത്തിൽ സംഭാഷണം നടത്തുന്നതിനും മറ്റ് ആശയവിനിമയ ത്തിനുമുള്ള കഴിവ്

കുട്ടികൾക്ക് സംസ്കൃതത്തിൽ സംഭാഷണം നടത്തുന്നതിനും മറ്റ് ആശയവിനിമയ ത്തിനുമുള്ള കഴിവ് പട്ടിക 3 ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 3**


സംഭാഷണത്തിനും ആശയവിനിമയത്തിനുമുള്ള കഴിവ്

| ക്രമ.നം. | ജില്ല | കുട്ടികൾ – ശതമാനത്തിൽ | | | | | |
|---|---|---|---|---|---|---|---|
| | | കുട്ടികളുടെ എണ്ണം | വളരെ മികച്ചത് | മികച്ചത് | ശരാശരി | ശരാശരിക്ക് താഴെ | ആകെ |
| 1 | തിരുവനന്തപുരം | 25 | 0 | 20 | 36 | 44 | 100 |
| 2 | കൊല്ലം | 60 | 0 | 12 | 38 | 50 | 100 |
| 3 | പത്തനംതിട്ട | 32 | 0 | 13 | 31 | 56 | 100 |
| 4 | ആലപ്പുഴ | 27 | 0 | 37 | 26 | 37 | 100 |
| 5 | ഇടുക്കി | 32 | 0 | 19 | 19 | 62 | 100 |
| 6 | എറണാകുളം | 23 | 0 | 23 | 43 | 34 | 100 |
| 7 | തൃശ്ശൂർ | 28 | 0 | 28 | 36 | 36 | 100 |
| 8 | പാലക്കാട് | 72 | 0 | 35 | 48 | 17 | 100 |
| 9 | കണ്ണൂർ | 26 | 0 | 46 | 31 | 23 | 100 |
| | ആകെ | **325** | **0** | **25** | **37** | **38** | **100** |

അവലംബം: സർവ്വേ ഡാറ്റ 2018–19

**ചിത്രം 3**

സംഭാഷണത്തിനും ആശയവിനിമയത്തിനും ഉള്ള കഴിവ് (കുട്ടികൾ ശതമാനത്തിൽ)




സംസ്കൃതത്തിൽ സംഭാഷണം നടത്തുന്നതിനും മറ്റ് ആശയവിനിമയത്തിനുമുള്ള ശേഷി മികച്ചതായിട്ട് 25 ശതമാനം കുട്ടികൾ രേഖപ്പെടുത്തി. 37 ശതമാനം കുട്ടികൾ ശരാശരി നിലവാരവത്തിലും 38 ശതമാനം കുട്ടികൾ ശരാശരിക്ക് താഴെയും രേഖപ്പെടുത്തി.

### *5.1.4 പാഠഭാഗങ്ങൾ കണ്ട് എഴുതുവാനുള്ള കഴിവ്*

കുട്ടികൾക്ക് പാഠഭാഗങ്ങൾ കണ്ട് എഴുതുവാനുള്ള കഴിവ് പട്ടിക 4ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 4**


പാഠഭാഗങ്ങൾ കണ്ടെഴുതുവാനുള്ള കഴിവ്

| ക്രമ.നം. | ജില്ല | കുട്ടികൾ – ശതമാനത്തിൽ | | | | | |
|---|---|---|---|---|---|---|---|
| | | കുട്ടികളുടെ എണ്ണം | വളരെ മികച്ചത് | മികച്ചത് | ശരാശരി | ശരാശരിക്ക് താഴെ | ആകെ |
| 1 | തിരുവനന്തപുരം | 25 | 20 | 20 | 40 | 20 | 100 |
| 2 | കൊല്ലം | 60 | 50 | 20 | 20 | 10 | 100 |
| 3 | പത്തനംതിട്ട | 32 | 63 | 25 | 6 | 6 | 100 |
| 4 | ആലപ്പുഴ | 27 | 0 | 37 | 37 | 26 | 100 |
| 5 | ഇടുക്കി | 32 | 16 | 59 | 19 | 6 | 100 |
| 6 | എറണാകുളം | 23 | 65 | 22 | 13 | 0 | 100 |
| 7 | തൃശ്ശൂർ | 28 | 0 | 50 | 36 | 14 | 100 |
| 8 | പാലക്കാട് | 72 | 14 | 35 | 41 | 10 | 100 |
| 9 | കണ്ണൂർ | 26 | 0 | 85 | 15 | 0 | 100 |
| | **ആകെ** | **325** | **25** | **39** | **26** | **10** | 100 |

അവലംബം: സർവ്വേ ഡാറ്റ 2018–19

**ചിത്രം 4**

പാഠഭാഗങ്ങൾ കണ്ട് എഴുതുവാനുള്ള കഴിവ് (കുട്ടികൾ ശതമാനത്തിൽ)




പാഠഭാഗങ്ങൾ കണ്ട് എഴുതുവാനുള്ള കഴിവ് വളരെ മികച്ചതായിട്ട് 25 ശതമാനം കുട്ടികൾക്കും മികച്ചതായിട്ട് 39 ശതമാനം കുട്ടികൾക്കും അനുഭവപ്പെട്ടു. 26 ശതമാനം കുട്ടികൾ ശരാശരി നിലവാരവും 10 ശതമാനം കുട്ടികൾ ശരാശരിക്ക് താഴെയും രേഖപ്പെടുത്തി.

### *5.1.5 പാഠഭാഗങ്ങൾ കേട്ട് എഴുതുവാനുള്ള കഴിവ്*

കുട്ടികൾക്ക് പാഠഭാഗങ്ങൾ കേട്ട് എഴുതുവാനുള്ള കഴിവ് പട്ടിക 5ൽ കൊടുത്തിരിക്കുന്നു.

## പട്ടിക 5


### പാഠഭാഗങ്ങൾ കേട്ട് എഴുതുവാനുള്ള കഴിവ്

| ക്രമ.നം. | ജില്ല | കുട്ടികൾ – ശതമാനത്തിൽ | | | | | |
|---|---|---|---|---|---|---|---|
| | | കുട്ടികളുടെ എണ്ണം | വളരെ മികച്ചത് | മികച്ചത് | ശരാശരി | ശരാശരിക്ക് താഴെ | ആകെ |
| 1 | തിരുവനന്തപുരം | 25 | 16 | 24 | 36 | 24 | 100 |
| 2 | കൊല്ലം | 60 | 45 | 25 | 20 | 10 | 100 |
| 3 | പത്തനംതിട്ട | 32 | 25 | 37 | 19 | 19 | 100 |
| 4 | ആലപ്പുഴ | 27 | 0 | 26 | 37 | 37 | 100 |
| 5 | ഇടുക്കി | 32 | 0 | 59 | 19 | 22 | 100 |
| 6 | എറണാകുളം | 23 | 35 | 22 | 22 | 21 | 100 |
| 7 | തൃശൂർ | 28 | 0 | 14 | 36 | 50 | 100 |
| 8 | പാലക്കാട് | 72 | 21 | 28 | 48 | 3 | 100 |
| 9 | കണ്ണൂർ | 26 | 0 | 85 | 0 | 15 | 100 |
| | **ആകെ** | **325** | **16** | **36** | **26** | **22** | **100** |

അവലംബം: സർവ്വേ ഡാറ്റ 2018–19

**ചിത്രം 5**

പാഠഭാഗങ്ങൾ കേട്ട് എഴുതുവാനുള്ള കഴിവ്
(കുട്ടികൾ ശതമാനത്തിൽ)




പാഠഭാഗങ്ങൾ കേട്ട് എഴുതുവാനുള്ള കഴിവ് വളരെ മികച്ചതായിട്ട് 16 ശതമാനം കുട്ടികൾക്കും മികച്ചതായിട്ട് 36 ശതമാനം കുട്ടികൾക്കും അനുഭവപ്പെട്ടു. 26 ശതമാനം കുട്ടികൾ ശരാശരി നിലവാരവും 22 ശതമാനം കുട്ടികൾ ശരാശരിക്ക് താഴെയും രേഖപ്പെടുത്തി.

### 5.1.6 *സംസ്കൃതത്തിൽ സ്വതന്ത്രമായി രചനാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള ശേഷി*

കുട്ടികൾക്ക് *സംസ്കൃതത്തിൽ സ്വതന്ത്രമായി രചനാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള ശേഷി* പട്ടിക 5 ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 6**


*രചനാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള ശേഷി*

| ക്രമ.നം. | ജില്ല | കുട്ടികൾ – ശതമാനത്തിൽ | | | | | |
|---|---|---|---|---|---|---|---|
| | | കുട്ടികളുടെ എണ്ണം | വളരെ മികച്ചത് | മികച്ചത് | ശരാശരി | ശരാശരിക്ക് താഴെ | ആകെ |
| 1 | തിരുവനന്തപുരം | 25 | 0 | 20 | 36 | 44 | 100 |
| 2 | കൊല്ലം | 60 | 0 | 20 | 38 | 42 | 100 |
| 3 | പത്തനംതിട്ട | 32 | 0 | 13 | 31 | 56 | 100 |
| 4 | ആലപ്പുഴ | 27 | 0 | 19 | 44 | 37 | 100 |
| 5 | ഇടുക്കി | 32 | 0 | 19 | 19 | 62 | 100 |
| 6 | എറണാകുളം | 23 | 0 | 13 | 44 | 43 | 100 |
| 7 | തൃശ്ശൂർ | 28 | 0 | 7 | 22 | 71 | 100 |
| 8 | പാലക്കാട് | 72 | 0 | 35 | 48 | 17 | 100 |
| 9 | കണ്ണൂർ | 26 | 16 | 15 | 46 | 23 | 100 |
| | **ആകെ** | **325** | **1** | **21** | **38** | **40** | **100** |

അവലംബം: സർവ്വേ ഡാറ്റ 2018–19

**ചിത്രം 6**

*രചനാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള ശേഷി*
(കുട്ടികൾ ശതമാനത്തിൽ)




സംസ്കൃതത്തിൽ സ്വതന്ത്രമായി രചനാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള ശേഷി വളരെ മികച്ചതായിട്ട് 1 ശതമാനം കുട്ടികൾക്കും മികച്ചതായിട്ട് 21 ശതമാനം കുട്ടികൾക്കും അനുഭവപ്പെട്ടു. 38 ശതമാനം കുട്ടികൾ ശരാശരി നിലവാരവും 40 ശതമാനം കുട്ടികൾ ശരാശരിക്ക് താഴെയും രേഖപ്പെടുത്തി.

### 5.1.7 വിദ്യാർത്ഥിതല വിലയിരുത്തൽരേഖ വിശകലനം ചെയ്യപ്പോൾ എത്തിച്ചേർന്ന നിഗമനം

വിദ്യാർത്ഥികളുടെ വിലയിരുത്തൽരേഖ വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ 50% കുട്ടികൾക്ക് സംസ്കൃതഭാഷ കേട്ടുമനസിലാക്കാനുള്ള കഴിവും 54% കുട്ടികൾക്ക് പാഠഭാഗങ്ങൾ സ്വന്തമായി വായിച്ചുമനസിലാക്കാനുള്ള കഴിവും 25% കുട്ടികൾക്ക് സംസ്കൃതത്തിൽ സംഭാഷണം നടത്തുന്നതിനും ആശയവിനിമയം നടത്തുന്നതിനും 64% കുട്ടികൾക്ക് കണ്ടെഴുതുവാനും 52% കുട്ടികൾക്ക് കേട്ടെഴുതുവാനുമുള്ള കഴിവും ഉണ്ടെന്ന് വ്യക്തമാകുന്നു. 22%

കുട്ടികൾക്ക് മാത്രമെ സംസ്കൃതത്തിൽ സംസ്കൃതത്തിൽ സർഗ്ഗാത്മകരചനാശേഷി ഉള്ളു എന്നും വ്യക്തമായി.


## 5.2.0 അധ്യാപകരുടെ അഭിപ്രായ സർവ്വെ വിശകലനം

### *5.2.1 കുട്ടികളുടെ സംസ്കൃതഭാഷാശേഷി വികാസത്തിന് സംസ്കൃതമാധ്യമത്തിലൂടെയുള്ള പഠനം അനിവാര്യമാണ്*

**പട്ടിക 7**

| ക്രമ.നം. | ജില്ല | അധ്യാപകരുടെ എണ്ണം | പൂർണ്ണമായി യോജിക്കുന്നു | യോജിക്കുന്നു | അഭിപ്രായമില്ല | വിയോജിക്കുന്നു |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 1 | 100 | 0 | 0 | 0 |
| 2 | കൊല്ലം | 2 | 100 | 0 | 0 | 0 |
| 3 | പത്തനംതിട്ട | 1 | 100 | 0 | 0 | 0 |
| 4 | ആലപ്പുഴ | 1 | 0 | 100 | 0 | 0 |
| 5 | ഇടുക്കി | 1 | 100 | 0 | 0 | 0 |
| 6 | എറണാകുളം | 1 | 100 | 0 | 0 | 0 |
| 7 | തൃശ്ശൂർ | 1 | 100 | 0 | 0 | 0 |
| 8 | പാലക്കാട് | 1 | 0 | 100 | 0 | 0 |
| 9 | കണ്ണൂർ | 1 | 100 | 0 | 0 | 0 |
| | **ആകെ** | **10** | **80** | **20** | 0 | 0 |

**ചിത്രം 7**




കുട്ടികളുടെ സംസ്കൃതഭാഷാശേഷി വികാസത്തിന് സംസ്കൃതമാധ്യമത്തിലൂടെ പഠനം അനിവാര്യമാണ് എന്നതിനോട് 80 ശതമാനം അധ്യാപകരും പൂർണ്ണമായും യോജിക്കുന്നു എന്നും 20 ശതമാനം അധ്യാപകർ യോജിക്കുന്നു എന്നും രേഖപ്പെടുത്തി.


### *5.2.2 സംസ്കൃതമാധ്യമത്തിലൂടെ ക്ലാസ്റൂം വിനിമയം മെച്ചപ്പെടുത്താൻ അധ്യപകരെ പ്രാപ്തരാക്കേണ്ടതുണ്ടോ?*

**പട്ടിക 8**

| ക്രമ.നം. | ജില്ല | അധ്യാപകരുടെ എണ്ണം | പൂർണ്ണമായി യോജിക്കുന്നു | യോജിക്കുന്നു | അഭിപ്രായമില്ല | വിയോജിക്കുന്നു |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 1 | 100 | 0 | 0 | 0 |
| 2 | കൊല്ലം | 2 | 50 | 50 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 3 | പത്തനംതിട്ട | 1 | 0 | 100 | 0 | 0 |
| 4 | ആലപ്പുഴ | 1 | 100 | 0 | 0 | 0 |
| 5 | ഇടുക്കി | 1 | 100 | 0 | 0 | 0 |
| 6 | എറണാകുളം | 1 | 0 | 100 | 0 | 0 |
| 7 | തൃശ്ശൂർ | 1 | 0 | 100 | 0 | 0 |
| 8 | പാലക്കാട് | 1 | 100 | 0 | 0 | 0 |
| 9 | കണ്ണൂർ | 1 | 0 | 100 | 0 | 0 |
| | **ആകെ** | **10** | **50** | **50** | 0 | 0 |

**ചിത്രം 8**



സംസ്കൃതമാധ്യമത്തിലൂടെ ക്ലാസ്റൂം വിനിമയം മെച്ചപ്പെടുത്താൻ അധ്യപകരെ പ്രാപ്തരാക്കേണ്ടതുണ്ടോ എന്ന ചോദ്യത്തിന് പൂർണ്ണമായും യോജിക്കുന്നു എന്ന് 50 ശതമാനം അധ്യാപകരും യോജിക്കുന്നു എന്ന് 50 ശതമാനം അധ്യാപകരും രേഖപ്പെടുത്തി.


### *5.2.3 ക്ലാസ്റൂമിനും പുറത്തും സംസ്കൃതവാതാവരണം സൃഷ്ടിക്കുന്നതിന് നിലവിലുള്ള പഠനരീതി പരിഷ്കരിക്കേണ്ടതുണ്ടോ?*

**പട്ടിക 9**

| ക്രമ.നം. | ജില്ല | അധ്യപകരുടെ എണ്ണം | പൂർണ്ണമായി യോജിക്കുന്നു | യോജിക്കുന്നു | അഭിപ്രായമില്ല | വിയോജിക്കുന്നു |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 1 | 100 | 0 | 0 | 0 |
| 2 | കൊല്ലം | 2 | 100 | 0 | 0 | 0 |
| 3 | പത്തനംതിട്ട | 1 | 0 | 100 | 0 | 0 |
| 4 | ആലപ്പുഴ | 1 | 0 | 100 | 0 | 0 |
| 5 | ഇടുക്കി | 1 | 100 | 0 | 0 | 0 |
| 6 | എറണാകുളം | 1 | 100 | 0 | 0 | 0 |
| 7 | തൃശ്ശൂർ | 1 | 0 | 100 | 0 | 0 |
| 8 | പാലക്കാട് | 1 | 100 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 9 | കണ്ണൂർ | 1 | 100 | 0 | 0 | 0 |
| | **ആകെ** | **10** | **70** | **30** | 0 | 0 |

**ചിത്രം 9**





ക്ലാസ്റൂമിനും പുറത്തും സംസ്കൃതവാതാവരണം സൃഷ്ടിക്കുന്നതിന് നിലവിലുള്ള പഠനരീതി പരിഷ്കരിക്കേണ്ടതുണ്ടോ എന്ന ചോദ്യത്തിന് പൂർണ്ണമായും യോജിക്കുന്നു എന്ന് 70 ശതമാനം അധ്യാപകരും യോജിക്കുന്നു എന്ന് 30 ശതമാനം അധ്യാപകരും രേഖപ്പെടുത്തി.

### 5.2.4 *വിദ്യാർത്ഥികളും അധ്യാപകരും തമ്മിൽ സംസ്കൃതത്തിൽ ആശയവിനിമയം നടത്തേണ്ടതുണ്ട്*

**പട്ടിക 10**

| ക്രമ.നം. | ജില്ല | അധ്യാപകരുടെ എണ്ണം | പൂർണ്ണമായി യോജിക്കുന്നു | യോജിക്കുന്നു | അഭിപ്രായമില്ല | വിയോജിക്കുന്നു |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 1 | 0 | 100 | 0 | 0 |
| 2 | കൊല്ലം | 2 | 100 | 0 | 0 | 0 |
| 3 | പത്തനംതിട്ട | 1 | 100 | 0 | 0 | 0 |
| 4 | ആലപ്പുഴ | 1 | 100 | 0 | 0 | 0 |
| 5 | ഇടുക്കി | 1 | 100 | 0 | 0 | 0 |
| 6 | എറണാകുളം | 1 | 100 | 0 | 0 | 0 |
| 7 | തൃശ്ശൂർ | 1 | 0 | 100 | 0 | 0 |
| 8 | പാലക്കാട് | 1 | 100 | 0 | 0 | 0 |
| 9 | കണ്ണൂർ | 1 | 0 | 100 | 0 | 0 |
|  | **ആകെ** | **10** | **70** | **30** | 0 | 0 |

**ചിത്രം 10**




വിദ്യാർത്ഥികളും അധ്യാപകരും തമ്മിൽ സംസ്കൃതത്തിൽ ആശയവിനിമയം നടത്തേണ്ടതുണ്ട് എന്നതിനോട് പൂർണ്ണമായും യോജിക്കുന്നു എന്ന് 70 ശതമാനം അധ്യാപകരും യോജിക്കുന്നു എന്ന് 30 ശതമാനം അധ്യാപകരും രേഖപ്പെടുത്തി.


### 5.2.5 *വിദ്യാർത്ഥികളെ സംസ്കൃതഭാഷാവിനിമയത്തിന് പ്രാപ്തരാക്കേണ്ടതുണ്ട്.*

**പട്ടിക 11**

| ക്രമ.നം. | ജില്ല | അധ്യാപകരുടെ എണ്ണം | പൂർണ്ണമായി യോജിക്കുന്നു | യോജിക്കുന്നു | അഭിപ്രായമില്ല | വിയോജിക്കുന്നു |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 1 | 0 | 100 | 0 | 0 |
| 2 | കൊല്ലം | 2 | 100 | 0 | 0 | 0 |
| 3 | പത്തനംതിട്ട | 1 | 100 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 4 | ആലപ്പുഴ | 1 | 100 | 0 | 0 | 0 |
| 5 | ഇടുക്കി | 1 | 100 | 0 | 0 | 0 |
| 6 | എറണാകുളം | 1 | 100 | 0 | 0 | 0 |
| 7 | തൃശൂർ | 1 | 0 | 100 | 0 | 0 |
| 8 | പാലക്കാട് | 1 | 0 | 100 | 0 | 0 |
| 9 | കണ്ണൂർ | 1 | 0 | 100 | 0 | 0 |
| | **ആകെ** | **10** | **60** | **40** | 0 | 0 |

**ചിത്രം 11**





വിദ്യാർത്ഥികളെ സംസ്കൃതഭാഷാവിനിമയത്തിന് പ്രാപ്തരാക്കേണ്ടതുണ്ട് എന്നതിനോട് പൂർണ്ണമായും യോജിക്കുന്നു എന്ന് 60 ശതമാനം അധ്യാപകരും യോജി ക്കുന്നു എന്ന് 40 ശതമാനം അധ്യാപകരും രേഖപ്പെടുത്തി.

### *5.2.6 ഭാഷാപഠനം അതത് മാധ്യമങ്ങളിലൂടെയാണെങ്കിൽ രസകരവും പ്രയോജന പ്രദവും ആകും.*

**പട്ടിക 12**

| ക്രമ.നം. | ജില്ല | അധ്യാപകരുടെ എണ്ണം | പൂർണ്ണമായി യോജിക്കുന്നു | യോജിക്കുന്നു | അഭിപ്രായമില്ല | വിയോജിക്കുന്നു |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 1 | 100 | 0 | 0 | 0 |
| 2 | കൊല്ലം | 2 | 50 | 50 | 0 | 0 |
| 3 | പത്തനംതിട്ട | 1 | 0 | 100 | 0 | 0 |
| 4 | ആലപ്പുഴ | 1 | 0 | 100 | 0 | 0 |
| 5 | ഇടുക്കി | 1 | 0 | 100 | 0 | 0 |
| 6 | എറണാകുളം | 1 | 0 | 100 | 0 | 0 |
| 7 | തൃശ്ശൂർ | 1 | 0 | 100 | 0 | 0 |
| 8 | പാലക്കാട് | 1 | 100 | 0 | 0 | 0 |
| 9 | കണ്ണൂർ | 1 | 100 | 0 | 0 | 0 |
| | **ആകെ** | **10** | **40** | **60** | 0 | 0 |

**ചിത്രം 12**




ഭാഷാപഠനം അതത് മാധ്യമങ്ങളിലൂടെയാണങ്കിൽ രസകരവും പ്രയോജനപദവും ആകും എന്നതിനോട് പൂർണ്ണമായും യോജിക്കുന്നു എന്ന് 40 ശതമാനം അധ്യാപകരും യോജിക്കുന്നു എന്ന് 60 ശതമാനം അധ്യാപകരും രേഖപ്പെടുത്തി.


***5.2.7 ഐച്ഛികഭാഷയെന്ന നിലയിൽ ക്ലാസ്സും വിനിമയത്തിന് നിലവിലുള്ള പരിമിതി തരണം ചെയ്യുന്നതിന് നൂതനസാങ്കേതിവിദ്യയും ക്രീഡാപദ്ധതികളും ആവിഷ്കരിക്കേണ്ടതുണ്ടോ?***

**പട്ടിക 13**

| ക്രമ.നം. | ജില്ല | അധ്യാപകരുടെ എണ്ണം | പൂർണ്ണമായി യോജിക്കുന്നു | യോജിക്കുന്നു | അഭിപ്രായമില്ല | വിയോജിക്കുന്നു |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 1 | 100 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 2 | കൊല്ലം | 2 | 100 | 0 | 0 | 0 |
| 3 | പത്തനംതിട്ട | 1 | 100 | 0 | 0 | 0 |
| 4 | ആലപ്പുഴ | 1 | 100 | 0 | 0 | 0 |
| 5 | ഇടുക്കി | 1 | 100 | 0 | 0 | 0 |
| 6 | എറണാകുളം | 1 | 100 | 0 | 0 | 0 |
| 7 | തൃശൂർ | 1 | 0 | 100 | 0 | 0 |
| 8 | പാലക്കാട് | 1 | 100 | 0 | 0 | 0 |
| 9 | കണ്ണൂർ | 1 | 100 | 0 | 0 | 0 |
| | **ആകെ** | **10** | **90** | **10** | 0 | 0 |

**ചിത്രം 13**



ഐച്ഛികഭാഷയെന്ന നിലയിൽ ക്ലാസ്റൂം വിനിമയത്തിന് നിലവിലുള്ള പരിമിതി തരണം ചെയ്യുന്നതിന് നൂതനസാങ്കേതിവിദ്യയും ക്രീഡാപദ്ധതികളും ആവിഷ്ക രിക്കേണ്ടതുണ്ടോ എന്ന ചോദ്യത്തിന് പൂർണ്ണമായും യോജിക്കുന്നു എന്ന് 90 ശതമാനം അധ്യാപകരും യോജിക്കുന്നു എന്ന് 10 ശതമാനം അധ്യാപകരും രേഖപ്പെടുത്തി.

### 5.2.8 അധ്യാപകരുടെ അഭിപ്രായസർവ്വെ വിശകലനം ചെയ്യപ്പോൾ എത്തിചേർന്ന നിഗമനം.

അധ്യാപകർക്ക് നൽകിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ കുട്ടികളുടെ സംസ്കൃതഭാഷാശേഷിവികാസത്തിന് സംസ്കൃതമാധ്യമത്തിലൂടെ യുളള പഠനം അനിവാര്യമാണെന്നും ക്ലാസ്റൂം വിനിമയം മെച്ചപ്പെടുത്തുവാൻ അധ്യാപകർക്ക് മെച്ചപ്പെട്ട അധ്യയനപദ്ധതി ആവിഷ്കരിച്ച് നൽകേണ്ടതാണെന്നും കണ്ടെത്തി. ക്ലാസ്റൂമിലും പുറത്തും സംസ്കൃതവാതാവരണം ഉണ്ടാക്കി വിദ്യാർത്ഥികളെ സംസ്കൃതഭാഷാവിനിമയത്തിന് ഐച്ഛികഭാഷയെന്ന നിലയിൽ ക്ലാസ്റൂം വിനിമയത്തിന് നിലവിലുള്ള പരിമിതി തരണം ചെയ്യേണ്ടതുണ്ട് എന്നും വിലയിരുത്തൽ രേഖ പരിശോധിച്ചതിൽ നിന്നും മനസിലാക്കി.

പാരമ്പര്യപഠനരീതികൾ ഇന്നത്തെ കുട്ടികളിൽ സംസ്കൃതപഠനത്തോടുള്ള ആഭിമുഖ്യം കുറയ്ക്കുകയും പഠനം വിരസമാവുകയും ചെയ്യുന്നു എന്ന നിഗമനത്തിൽ എത്തിച്ചേർന്നു. കുട്ടികൾ സംസ്കൃതത്തെ പ്രൗഢവും കഠിനവുമായി കണ്ട് സംസ്കൃതഭാഷാപഠനത്തിൽ നിന്ന് ഒളിച്ചോടാൻ തുടങ്ങുന്നു. അതിനാൽ നൂതനസാങ്കേതികവിദ്യകളെ പരിചയപ്പെടുത്തി, ആകർഷകമായ ക്രീഡകൾ ഉൾപ്പെടുത്തി, അന്തർദേശീയമായ അധ്യാപനരീതികൾ പരിചയപ്പെടുത്തി കുട്ടികൾക്ക് പരസ്പരവും സമൂഹത്തിലും ആശയവിനിമയം നടത്തുന്നതിനും, സ്വതന്ത്രരചനകൾ നടത്തുന്നതിനും ഉതകുന്ന തരത്തിൽ ഒരു സംസ്കൃത

പാഠനപദ്ധതി രൂപീകരിച്ച് ജനകീയമാക്കി അവതരിപ്പിക്കേണ്ട ആവശ്യകത ഉണ്ടെന്ന് വ്യക്തമാകുന്നു. ഭാഷണത്തിനും ശ്രവണത്തിനും സ്വതന്ത്രരചനയ്ക്കും മുൻതൂക്കം നൽകികൊണ്ട് ഏവർക്കും സംസ്കൃതഭാഷാപ്രയോഗങ്ങൾ സിദ്ധമാക്കാൻ സാധിക്കുന്നതരത്തിലായിരിക്കണം ഈ പദ്ധതിയുടെ ആവിഷ്കരണം.

### 5.3 വിദ്യാർത്ഥിതല പോസ്റ്റ് ടെസ്റ്റ് വിലയിരുത്തൽ

സംസ്കൃതമാധുരി എന്ന പഠന-പാഠനപദ്ധതി ഒമ്പത് ജില്ലകളിലെ പത്ത് സ്കൂളിൽ നടപ്പാക്കുകയുണ്ടായി. തുടർന്ന് സ്വതന്ത്രവാക്യരചനയ്ക്കുള്ള ശേഷി കുട്ടികൾ കൈവരിച്ചിട്ടുണ്ടോ എന്നറിയുന്നതിന് വർത്തമാനകാലത്തിലും, ഭാവികാലത്തിലും ഭൂതകാലത്തിലും വിധിനിഷേധങ്ങളിലും പ്രശ്നവാക്യങ്ങളിലുമുള്ള വർക് ഷീറ്റുകൾ നൽകി കുട്ടികളെക്കൊണ്ട് ഉത്തരം എഴുതിക്കുകയും, കുട്ടികൾ സംസ്കൃതഭാഷയിൽ ആശയവിനിമയശേഷി നേടിയിട്ടുണ്ടോ എന്ന് വിലയിരുത്തുന്നതിനായി നാടകങ്ങൾ, സംഭാഷണങ്ങൾ എന്നിവ പഠനോത്സവത്തിൽ അവതരിപ്പിക്കുന്നതിന് അവസരം നൽകുകയും ചെയ്തു.

### 5.4 പോസ്റ്റ് ടെസ്റ്റിന്റെ അടിസ്ഥാനത്തിലുള്ള അധ്യാപകരുടെ നിഗമനം

കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട പത്ത് വിദ്യാലയങ്ങളിൽ നടന്ന സംസ്കൃതമാധുരി എന്ന ഭാഷാപഠനപരിപോഷണപദ്ധതിയിലൂടെ കുട്ടികളുടെ ഭാഷാപരമായ ശേഷി ക്രമേണ വികസിക്കുന്നു എന്ന് കണ്ടെത്തി. വിദ്യാർത്ഥികൾക്ക് നൽകിയ വിലയിരുത്തൽ രേഖയെ അടിസ്ഥാനപ്പെടുത്തിയും ടൈഔട്ട്ക്ലാസുകളിൽ പ്രതിദിനം നൽകിയ വർക്ക്ഷീറ്റുകളെയും അനുബന്ധ പ്രവർത്തനങ്ങളെയും (ക്ലാസ് അഭിമുഖം, സംഭാഷണകളരി, സംസ്കൃതക്രീഡകൾ, വായനാകളരി തുടങ്ങിയവ) സൂക്ഷ്മതലത്തിൽ വിശകലനം ചെയ്തും കുട്ടിയുടെ ഭാഷാപരമായ വിവിധശേഷികളുടെ ക്രമാനുഗതമായ വികാസം അധ്യാപകൻ വിദ്യാർത്ഥികളുടെ വിലയിരുത്തൽ രേഖയിൽ (അനുബന്ധം 1) പട്ടികപ്പെടുത്തി.

## പട്ടിക 14

## പ്രീടെസ്റ്റിന്റേയും പോസ്റ്റ്ടെസ്റ്റിന്റേയും അടിസ്ഥാനത്തിൽ അധ്യാപകരുടെ നിഗമനം

| ക്രമനമ്പർ | ഭാഷാപഠനവുമായ ബന്ധപ്പെട്ട ഘട്ടങ്ങൾ | പ്രീടെസ്റ്റ് | പോസ്റ്റ് ടെസ്റ്റ് |
|---|---|---|---|
| 1 | സംസ്കൃതഭാഷ കേട്ടു മനസ്സിലാക്കാനുള്ള കഴിവ് | 50% | 72% |
| 2 | സംസ്കൃതപാഠഭാഗങ്ങൾ വായിച്ച് മനസിലാക്കാനുള്ള കഴിവ് | 54% | 70% |
| 3 | സംസ്കൃതത്തിൽ സംഭാഷണം നടത്തുന്നതിനും മറ്റ് ആശയവിനിമയത്തിനുമുള്ള കഴിവ് | 25% | 62% |
| 4 | പാഠഭാഗങ്ങൾ കണ്ടെഴുതാനുള്ള കഴിവ് | 64% | 78% |
| 5 | പാഠഭാഗങ്ങൾ കേട്ടെഴുതാനുള്ള കഴിവ് | 52% | 77% |
| 6 | സംസ്കൃതത്തിൽ സ്വതന്ത്രമായി രചനാപ്രവർത്തന ങ്ങളിൽ ഏർപ്പെടുന്നതിനുള്ള ശേഷി | 22% | 53% |

പ്രീടെസ്റ്റിന് ഉപയോഗിച്ച വിദ്യാർത്ഥികളുടെ വിലയിരുത്തൽ രേഖതന്നെയാണ് മൊഡ്യൂൾ നിർവഹണത്തിനുശേഷമുള്ള പോസ്റ്റ് ടെസ്റ്റിനും അധ്യാപകർ ഉപയോഗിച്ചിട്ടുള്ളത്. പത്ത് സ്കൂളുകളിൽ നിന്നും സമാഹരിച്ച പ്രസ്തുത വിവരങ്ങളുടെ അടിസ്ഥാനത്തിൽ സംസ്കൃതഭാഷ കേട്ടു മനസ്സിലാക്കുന്നതിനുള്ള കഴിവ് 50 ശതമാനത്തിൽ നിന്നും 72 ശതമാനത്തിലേക്ക് ഉയർന്നതായും പാഠഭാഗങ്ങൾ വായിച്ച് മനസിലാക്കുന്നതിനുള്ള കഴിവ് 54 ശതമാനത്തിൽ നിന്നും 70 ശതമാനമായി വർദ്ധിച്ചതായും സംസ്കൃതത്തിൽ സംഭാഷണം നടത്തുന്നതിനും മറ്റ് ആശയവിനിമയത്തിനുമുള്ള കഴിവ് 25 ശതമാനത്തിൽ നിന്നും 62 ശതമാനമായി ഉയർന്നതായും കണ്ടെഴുതാനുള്ള കഴിവ് 64 ശതമാനത്തിൽ നിന്ന്

78 ശതമാനമായും കേട്ടെഴുതാനുള്ള കഴിവ് 52 ശതമാനത്തിൽ നിന്നും 77 ശതമാനമായും സംസ്കൃതത്തിൽ സ്വതന്ത്രമായി രചനാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള ശേഷി 22 ശതമാനത്തിൽ നിന്നും 53 ശതമാനമായി ഉയർന്നതായും കണ്ടെത്തി.

സംസ്കൃതമാധുരി എന്ന സംസ്കൃതപഠനപദ്ധതിയിലൂടെ സ്വതന്ത്ര രചനകൾ നടത്തുന്നതിനുള്ള സാമർത്ഥ്യം കുട്ടികൾ സമ്പാദിച്ചിട്ടുണ്ട് എന്ന് വ്യക്തമായി. അതുപോലെ തന്നെ സംസ്കൃതഭാഷയിൽ നിർലജ്ജം ആശയ വിനിമയം നടത്തുവാനുള്ള ശേഷി കുട്ടികൾക്ക് വർദ്ധിച്ചതായി കണ്ടെത്തി. ക്രീഡാപദ്ധതികളുടെയും നൂതനസാങ്കേതികവിദ്യയുടെയും സഹായത്താൽ സംസ്കൃതാധ്യയനം ഹൃദ്യവും സുഗമവും ആകർഷകവുമായതിനാൽ കുട്ടികൾ സംസ്കൃതപഠനത്തിൽ കൂടുതൽ ഊർജ്ജസ്വലരായി കാണപ്പെടുന്നു. ആയതിനാൽതന്നെ സംസ്കൃതമാധുരി സംസ്ഥാനത്തെ എല്ലാവിദ്യാലയങ്ങളി ലേക്കും വ്യാപിപ്പിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് പഠനം വിരൽചൂണ്ടുന്നത്.

# അധ്യായം 6

# ഉപസംഹാരം

- കണ്ടെത്തെലുകൾ
- നിർദ്ദേശങ്ങൾ
- നിഗമനം
- നിർദ്ദേശങ്ങളും തുടർപഠനങ്ങളും

# അധ്യായം 6

## ഉപസംഹാരം

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതിയുടെ നേതൃത്ത്വത്തിൽ നടപ്പിലാക്കിയ സംസ്കൃതമാധുരി എന്ന ഭാഷാപഠന പരിപോഷണപദ്ധതി കേരളത്തിലെ വിവിധ ജില്ലകളിലെ തെരെഞ്ഞെടുക്കപ്പെട്ട പത്ത് സ്കൂളുകളിൽ നടപ്പിലാക്കിയതിന്റെ വെളിച്ചത്തിൽ കണ്ടെത്തിയ പൊതുനിഗമനങ്ങളും നിർദ്ദേശങ്ങളും പദ്ധതിയുടെ ആവശ്യകതയെ ബോധ്യപ്പെടുത്തുന്നു.

**6.1 കണ്ടെത്തലുകൾ**

1. കുട്ടികളിൽ ഭാഷാപഠനശേഷിയും പഠനാഭിമുഖ്യവും വർദ്ധിച്ചു.
2. കുട്ടികൾ സംസ്കൃതമാധ്യമത്തിലൂടെയുള്ള ആശയവിനിമയശേഷി സമ്പാദിച്ചു.
3. സംസ്കൃതരചനകൾ വായിച്ച് ആസ്വദിച്ചു.
4. സർഗ്ഗാത്മക രചനാശേഷി കൈവരിച്ചു.
5. ഭാഷാപൈതൃകവും സംസ്കൃതിയും പരിചയപ്പെട്ടു.
6. സംസ്കൃതഭാഷയെ ജനകീയവത്കരിക്കാൻ സാധിച്ചു.
7. സംസ്കൃതഭാഷയെ അടുത്തറിയുവാൻ പൊതുസമൂഹത്തിന് അവസരം ലഭിച്ചു.
8. സംസ്കൃതഭാഷയുടെ വളർച്ചക്ക് പൊതുസമൂഹത്തിന്റെ ഇടപെടൽ അനിവാര്യമാണെന്ന ബോധ്യമുണ്ടായി.
9. പ്രസ്തുതഭാഷയുമായി മറ്റുഭാഷകൾക്കുള്ള അഭേദ്യമായ ബന്ധം പൊതുസമൂഹത്തിന് ബോധ്യമായി.
10. സംസ്കൃതഭാഷ വിജ്ഞാനഭാഷയെന്ന ബോധ്യം സമൂഹത്തിൽ സൃഷ്ടിച്ചു.

## 6.2 നിർദ്ദേശങ്ങൾ

സംസ്കൃതമാധുരി എന്ന ഭാഷാപഠനപരിപോഷണപദ്ധതി കേരളത്തിലെ എല്ലാ മാധ്യമസ്ഥരീയ (യു.പി. വിഭാഗത്തിലെ) വിദ്യാലയങ്ങളിലും നടപ്പിലാക്കണം.

## 6.3 നിഗമനം

സംസ്ഥാനവിദ്യാഭ്യാസഗവേഷണപരിശീലനസമിതി കാലാകാലങ്ങളിൽ പൊതുവിദ്യാഭ്യാസത്തെ ശാക്തീകരിക്കുന്നതിന് വിദ്യാഭ്യാസരംഗത്ത് കടന്നു വരുന്ന കാലികമാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് ഗവേഷണാടിസ്ഥാനത്തിൽ നിരവധി പഠനപദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. കേരളവിദ്യാഭ്യാസത്തെ അന്താരാഷ്ട്രീയ നിലവാരത്തിലേക്ക് ഉയർത്തുകയെന്ന ബൃഹത്തായ ലക്ഷ്യത്തെ മുന്നിൽ കണ്ടുകൊണ്ട് നൂതന സാങ്കേതിക വിദ്യകളുടെ സഹായത്താലും ഭാഷാവിദഗ്ധരുടെ വിലയേറിയ നിർദ്ദേശങ്ങളാലും ഗുണാത്മകമായ വിജ്ഞാനത്തെ നമ്മുടെ കുട്ടികൾക്ക് പ്രദാനം ചെയ്യുന്നതിന് ശക്തമായി ശ്രമിച്ചുവരുന്നു. രാജ്യത്തിന്റെ കെട്ടുറപ്പും ലോകത്തിന്റെ നിലനിൽപ്പും വിദ്യാസമ്പന്നരായ സാംസ്കാരികപൈതൃകം സൂക്ഷിക്കുന്ന കുട്ടികളിലൂടെ മാത്രമെ സാധ്യമാവുകയുള്ളൂ. അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ശാസ്ത്രവും മാറികൊണ്ടിരിക്കുന്ന ജീവനരീതിയും പരിചിതമാക്കി മുന്നോട്ട് പോകുന്ന ഒരു സമൂഹത്തിന് മാത്രമെ നിലനിൽപ്പ് ഉണ്ടാവുകയുള്ളൂ. ഈ നിലനിൽപ്പ് അടിത്തറയുള്ള വിജ്ഞാനത്തിൽ അധിഷ്ഠിതമാണ്. മാറുന്ന സാഹചര്യവുമായി പൊരുത്തപ്പെടുന്നതിനും അറിവിന്റെ എല്ലാ തലങ്ങളെയും സ്പർശിക്കുന്നതിനും അധ്യാപകസമൂഹത്തിന്റെ കാഴ്ച്ചപ്പാടിന് നേരിയ മാറ്റം ഉണ്ടാവേണ്ടതുണ്ട്. ഈ മാറ്റം മുന്നിൽ കണ്ടുകൊണ്ടാണ് കേരള വിദ്യാഭ്യാസത്തിന്റെ എല്ലാ അന്തഃസത്തയും ഉൾക്കൊള്ളുന്ന പുതിയ പഠനപദ്ധതികൾ സർക്കാർ നിലവിൽ കൊണ്ടുവരുന്നത്.

മികച്ച ആശയവിനിമയശേഷിയും പ്രകടനനിപുണതയും സമ്പന്നമായ വ്യക്തിത്വത്തിന്റെ ലക്ഷണങ്ങളാണ്. വിവിധഭാഷകളെ അനായാസം കൈകാര്യം ചെയ്യുന്നതിനും അതത് ഭാഷകളിൽ എഴുതപ്പെട്ട മഹത്തായ ഗ്രന്ഥങ്ങൾ വായിച്ച് അറിവും ആസ്വാദനവും കണ്ടെത്തുന്നതിനും കുട്ടികൾക്ക് കഴിയേണ്ടതായിട്ടുണ്ട്. ലോകം കണ്ട മഹദ് വ്യക്തികളെല്ലാം മികച്ച ആശയസംവദനത്തിന് ഏറെ പ്രാധാന്യം നൽകിയിരുന്നതായി നാം വിലയിരുത്തിയിട്ടുണ്ട്. വിദ്യാഭ്യാസരംഗത്ത് ഭാഷയ്ക്കുള്ള അദ്വിതീയമായ സ്ഥാനമാണ് ഇത് വ്യക്തമാക്കുന്നത്. ആശയങ്ങൾ കൈമാറുന്നതിനും വസ്തുതകൾ സംഗ്രഹിച്ച് അവതരിപ്പിക്കുന്നതിനും മികച്ച വ്യക്തിബന്ധങ്ങൾ സൂക്ഷിക്കുന്നതിനും സർഗ്ഗാത്മകതയോടെ മികച്ച രചനകൾ നടത്തുന്നതിനും ആസ്വാദ്യകരമായി ഭാഷയെ സമീപിക്കേണ്ടതായിട്ടുണ്ട്. നിലവിലെ സാഹചര്യം പരിശോധിക്കുകയാണെങ്കിൽ മേൽപറഞ്ഞവയിൽ നമ്മുടെ കുട്ടികൾ പ്രയാസം അനുഭവിക്കുന്നതായി പഠനങ്ങൾ വ്യക്തമാക്കുന്നു. ഇത്തരത്തിലുള്ള പഠനങ്ങളുടെ വെളിച്ചത്തിൽ ഭാഷ അനായാസവും അനസ്യൂതവുമായി കൈകാര്യം ചെയ്യുന്നതിന് കുട്ടികളേയും ഒപ്പം തന്നെ അധ്യാപകരേയും പ്രബലപ്പെട്ടു ത്തേണ്ടതായിട്ടുണ്ട്.

ഈ സാഹചര്യത്തിലാണ് സംസ്ഥാന വിദ്യാഭ്യാസഗവേഷണപരിശീലന സമിതി മുന്നോട്ട് വയ്ക്കുന്ന സംസ്കൃതമാധുരി എന്ന ഭാഷാപഠനപരിപോഷണ പദ്ധതിയുടെ പ്രസക്തി. കളികൾ, അഭ്യാസപുസ്തകങ്ങൾ, സുഭാഷിതങ്ങൾ, സംഭാഷണങ്ങൾ, പാട്ടുകൾ, കഥകൾ, ലേഖനങ്ങൾ, നൂതനസാങ്കേതികവിദ്യകൾ എന്നിവയിലൂടെ കുട്ടികൾ ഭാഷയെ രസകരമായി പഠനത്തോടൊപ്പം സംസ്കൃതമാധുരി എന്ന പദ്ധതിയിലൂടെ അടുത്തറിയുന്നു. ഈ പദ്ധതി കേരളത്തിൽ ആകമാനം നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയാണ് ഈ പഠനം ബോധ്യപ്പെടുത്തുന്നത്.

## 6.4 നിർദ്ദേശങ്ങളും തുടർപഠനങ്ങളും

1. അപ്പർ പ്രൈമറി വിഭാഗത്തിൽ നടപ്പിലാക്കിയ സംസ്കൃതമാധുരി ലോവർപ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി എന്നീ മേഖലകളിലും നടപ്പിലാക്കേണ്ടതാണ്.
2. ഭാഷാസംബന്ധമായ അറിവുകൾ ക്രീഡാപദ്ധതികളിലൂടെ കുട്ടികൾക്ക് നൽകേണ്ടതാണ്.
3. നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി പഠനാന്തരീക്ഷം മെച്ചപ്പെടുത്തേണ്ടതാണ്.

# ഗ്രന്ഥസൂചി

# ഗ്രന്ഥസൂചി

1. പ്രൊഫ. പി.സി. ദേവസ്യ (1990) *ക്രിസ്തുഭാഗവതം.* സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്
2. ശ്രീ. ഡി. ശ്രീമാൻ നമ്പൂതിരി (2003) *സുഭാഷിതസാഹസ്രി.* സാഹിത്യ അക്കാദമി, തൃശ്ശൂർ
3. കുട്ടികൃഷ്ണമാരാർ (1993) *രഘുവംശം* വിവ: മാതൃഭൂമി പബ്ലിഷേഴ്സ്
4. കുട്ടികൃഷ്ണമാരാർ (1990) *കുമാരസംഭവം* വിവ: മാതൃഭൂമി പബ്ലിഷേഴ്സ്
5. കുട്ടികൃഷ്ണമാരാർ (1995) *മേഘസന്ദേശം.* വിവ: മാതൃഭൂമി പബ്ലിഷേഴ്സ്
6. ഫാ. ജോൺ കുന്നപ്പിള്ളി (1997) *പ്രക്രിയാഭാഷ്യം.* D C Books കോട്ടയം
7. അപ്പയ്യദീക്ഷിതർ (1930) *കുവലയാനന്ദം.* ചൗഖംബാ കൃഷ്ണദാസ് അക്കാദമി , വാരാണസി
8. പ്രൊഫ. എം.എസ്. മേനോൻ (1992) *സംസ്കൃത സാഹിത്യ ചരിത്രം.* കേരള സാഹിത്യ അക്കാദമി
9. ഉള്ളൂർ (1982) *കേരള സാഹിത്യ ചരിത്രം.* കേരള സർവ്വകലാശാല, തിരുവനന്തപുരം
10. വടക്കുംകൂർ (2010) *കേരളീയസംസ്കൃതസാഹിത്യചരിത്രം.* ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല പ്രസിദ്ധീകരണ വിഭാഗം, കാലടി
11. R Krishna Macharya (1965) *History of Classical Sanskrit literature*. MBDs Publishers, New Delhi
12. പി. കെ. രാമചന്ദ്ര അയ്യർ (1989) *A Short History of Sanskrit Literature*. ആർ. എസ്. വാദ്ധ്യാർ ആന്റ് സൺസ്, കൽപ്പാത്തി, പാലക്കാട്.
13. ഡോ. കെ. മാധവൻകുട്ടി (2007) *സുഭാഷിതാനി*, Central for Medical Education.

14. കൈതപ്രം വാസുദേവൻ നമ്പൂതിരി (2015) *പഞ്ചതന്ത്രം*, കുരുക്ഷേത്ര പ്രകാശൻ.

15. സ്വാമി പ്രസന്നാത്മാനന്ദസരസ്വതി (1996) *Speak Sanskrit in Ten Days*, Chinmaya Prakasan, Mumbai.

16. പണ്ഡിതരത്നം പി. ഗോവിന്ദമാരാർ (2010) *മഹാത്മാനാം ജീവചരിത്രാണി*, The Heritage Banglur

17. കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട് (2007) *പദസന്ധി*, സ്മാരകഗ്രന്ഥശാല, കാണിപ്പയ്യൂർ.

18. എസ്. വിക്രമൻ (2009) *ശബ്ദധാതുമഞ്ജുഷ*, ഗംഗാ ബുക്സ്, കോഴിക്കോട്.

19. ടി.കെ. രാമചന്ദ്ര അയ്യർ (2014) *Exercise in Sanskrit Translating*, ആർ. എസ്. വാദ്ധ്യാർ ആന്റ് സൺസ്, കൽപ്പാത്തി, പാലക്കാട്.

20. ഡോ. ധർമാന്ദസ്വാമിജി (2012) *നാടകാനി*, ഗംഗാ ബുക്സ്, കോഴിക്കോട്.

21. അനന്തരാമശാസ്ത്രി (2012) *സംസ്കൃതവ്യാകരണപ്രവേശിക*, ആർ. എസ്. വാദ്ധ്യാർ ആന്റ് സൺസ്, കൽപ്പാത്തി, പാലക്കാട്.

22. വി. സുരേന്ദ്രൻ ഇടയ്ക്കിടത്ത് (1996) *The Sanskrit Beginner*. സപര്യ ബുക്സ്, ഇടയ്ക്കിടം.

23. ഡോ. കെ. ജി. പൗലോസ് (2006) *ലഘുസംസ്കൃതം*, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം ഇടപ്പാൾ.

24. പ്രൊഫ. കെ. ദേവദാസ് (2004) *ശ്രീരാമോദന്തം,* അഗസ്ത്യ പബ്ലിക്കേഷൻസ്, അഞ്ചൽ, കൊല്ലം

25. ബാലകൃഷ്ണപണിക്കർ (1993) *സിദ്ധരൂപം,* എച്ച്. ആന്റ് സി പബ്ലിക്കേഷൻസ്, തൃശ്ശൂർ

26. ടി.കെ. രാമചന്ദ്രഅയ്യർ (2014) *സംസ്കൃതപ്രഥമാദർശഃ*, ആർ. എസ്. വാദ്ധ്യാർ ആന്റ് സൺസ്, കൽപ്പാത്തി, പാലക്കാട്.

**അനുബന്ധം 1**

# വിദ്യാർത്ഥികൾക്കുള്ള വിലയിരുത്തൽ രേഖ

**അധ്യാപകന്റെ പേര് :**

**വിലാസം (സ്കൂൾ) :**

**ക്ലാസ്സ് :**

**കുട്ടികളുടെ എണ്ണം :**

| നം. | ഭാഷാപഠനവുമായി ബന്ധപ്പെട്ട ഘട്ടങ്ങൾ | വളരെ മികച്ചത് | മികച്ചത് | ശരാശരി | ശരാശരിക്ക് താഴെ | അഭിപ്രായം (റിമാർക്സ്) |
|---|---|---|---|---|---|---|
| 1. | സംസ്കൃതഭാഷ കേട്ട് മനസ്സിലാക്കാനുള്ള കഴിവ് | | | | | |
| 2. | പാഠഭാഗങ്ങൾ വായിച്ച് മനസ്സിലാക്കാനുള്ള കഴിവ് | | | | | |
| 3 | സംസ്കൃതത്തിൽ സംഭാഷണം നടത്തുന്നതിനും മറ്റ് ആശയ വിനിമയത്തിനുമുള്ള കഴിവ് | | | | | |
| 4. | കണ്ടെഴുതാനുള്ള കഴിവ് | | | | | |
| 5. | കേട്ടെഴുതാനുള്ള കഴിവ് | | | | | |
| 6. | സംസ്കൃതത്തിൽ സ്വതന്ത്രമായി രചനാപ്രവർത്തനത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള ശേഷി | | | | | |
| 7. | സൂചകങ്ങൾ ശരാശരിയിൽ താഴെയുള്ളവർക്കായി പരിഹാര പ്രവർത്തനങ്ങളുടെ വിവരങ്ങൾ | | | | | |

**അധ്യാപകന്റെ ഒപ്പ്**

NB : *അധിക നിർദേശങ്ങൾ മറുപുറത്ത് രേഖപ്പെടുത്തുക.*

**അനുബന്ധം 2**

# അധ്യാപകരുടെ അഭിപ്രായസർവെ

| നം. | അഭിപ്രായ സൂചകങ്ങൾ | പൂർണ്ണമായി യോജി ക്കുന്നു | യോജി ക്കുന്നു | അഭിപ്രായ മില്ല | വിയോജി ക്കുന്നു | പൂർണ്ണമായി വിയോജി ക്കുന്നു |
|---|---|---|---|---|---|---|
| 1 | കുട്ടികളുടെ സംസ്കൃതഭാഷാശേഷിവികാസത്തിന് സംസ്കൃത മാധ്യമത്തിലൂടെയുള്ള പഠനം അനിവാര്യമാണ്. | | | | | |
| 2 | സംസ്കൃതമാധ്യമത്തിലൂടെ ക്ലാസ്റൂം വിനിമയം മെച്ചപ്പെടുത്താൻ അധ്യാപകരെ പ്രാപ്തരാക്കേണ്ടതുണ്ട്. | | | | | |
| 3 | ക്ലാസ്റൂമിലും പുറത്തും സംസ്കൃത വാതാവരണം സൃഷ്ടിക്കുന്നതിന് നിലവിലുള്ള പഠനരീതി പരിഷ്ക്കരിക്കേണ്ടതുണ്ട്. | | | | | |
| 4 | വിദ്യാർത്ഥികളും അധ്യാപകരും തമ്മിൽ സംസ്കൃതത്തിൽ ആശയ വിനിമയം നടത്തേണ്ടതുണ്ട്. | | | | | |
| 5 | വിദ്യാർത്ഥികളെ സംസ്കൃതഭാഷാവിനിമയത്തിന് പ്രാപ്തരാക്കേണ്ടതുണ്ട് | | | | | |
| 6 | ഭാഷാപഠനം അതത് മാധ്യമങ്ങളിലൂടെ ആണെങ്കിൽ രസകരവും പ്രയോജനപ്രദവുമാകും | | | | | |
| 7 | ഐച്ഛികഭാഷ എന്ന നിലയിൽ ക്ലാസ്സ്റൂം വിനിമയത്തിന് നിലവിലുള്ള പരിമിതി തരണം ചെയ്യുന്നതിന് നൂതന സാങ്കേതിക വിദ്യയും ക്രീഡാപദ്ധതികളും ആവിഷ്ക്കരിക്കേണ്ടതുണ്ട്. | | | | | |

മറ്റ് നിർദേശങ്ങൾ രേഖപ്പെടുത്തുക :

**അധ്യാപകന്റെ ഒപ്പ്**

**അനുബന്ധം 3**

## പഠന വിധേയമാക്കിയ വിദ്യാലയങ്ങളും വിവരദാതാക്കളും

| ക്രമനമ്പർ | വിദ്യാലയത്തിന്റെ പേരും വിലാസവും | അധ്യാപകന്റെ പേര് | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|---|
| 1 | PPMHS Karakonam, Thirivanathapuram | Sreekumar.S | 25 |
| 2 | KGV GUPS Kundara, Kollam | Dr. Vipin.G.Nair | 40 |
| 3 | MTHS Channapetta, Kollam | Vipin Thomas | 20 |
| 4 | TTTM VHSS Vadasserikkara, Pathanamthitta | Udayakumar S | 32 |
| 5 | KKKPM HSS Ambalapuzha, Alapuzha | Resmi. G. Pillai | 27 |
| 6 | SGUPS, Venmony, Idukki | Manoj PG | 32 |
| 7 | SUPS Thottara, Ernakulam | Mayadevi K K | 23 |
| 8 | GMHSS Nadavaramba, Thrissur | Suresh Babu.C C | 28 |
| 9 | HSS Mundur, Palakkad | Sabarees M | 72 |
| 10 | Edakkeppuram UP School, Kannur | Vasudevan Namboodiri P K | 26 |
| **ആകെ** | **10** | | **325** |